www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 34 | 2017 SEP 02 | ₹10

## സ്വകാര്യത മൗലികാവകാശമാവുമ്പോൾ

# കളിപാതകങ്ങൾ

വിനോദങ്ങൾക്കും ആസ്വാദനങ്ങൾക്കുമാണ് ഗെയിമുകൾ.
എന്നാൽ ഗെയിമുകൾ തന്നെ മരണ കാരണമാവുകയാണെങ്കിലോ?
ബ്ലൂവെയിൽ ഗെയിമിന്റെ പശ്ചാത്തലത്തിൽ ഒരന്വേഷണം.



## അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും

മതപ്രബോധനം മനുഷ്യാവകാശമാണ് || ആരോഗ്യം: മഹത്തായ അനുഗ്രഹം

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**
E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

1 **വിശ്വാസിയുടെ നമസ്കാരം**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :126 I വില : 90

2 **ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 I വില : 40

3 **നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 I വില : 40

4 **റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 I വില : 40

5 **ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 I വില : 70

6 **ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :104 I വില : 90

7 **ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 I വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**


**സ്പെഷ്യൽ ഡിസ്കൗണ്ട്**
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**

നേർപഥം
വാരിക

0034 / 2017 സെപ്തംബർ 02 / 1438 ദുൽഹിജ്ജ 02 / പുസ്തകം 01 / ലക്കം 34


# കളിപാതകങ്ങൾ

ത്വാഹാ റഷാദ് / 10







# സ്വകാര്യത മൗലികാവകാശമാവുമ്പോൾ

സുഫ്‌യാൻ അബ്ദുസ്സലാം / 13

**മുഖമൊഴി**

ആരും ശാശ്വതരല്ല / 05
എഡിറ്റർ

**ക്വുർആൻ പഠനം**

ആക്ഷേപങ്ങളെ ഭയപ്പെടാത്തവർ / 17
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

**ബാലപഥം**

ആദ്യം സ്വയം മാറുക / 18
തൻവീൽ

സ്വർഗത്തിൽ ഒരു അയൽവാസി / 19
റാഷിദ ബിൻത് ഉസ്മാൻ

**ചരിത്രപഥം**

ധിക്കാരികളെ നശിപ്പിച്ച പ്രളയം / 20
ഹുസൈൻ സലഫി, ഷാർജ

**ലേഖനങ്ങൾ**

ആരോഗ്യം: മഹത്തായ അനുഗ്രഹം / 06
ടി.കെ ത്വൽഹത്ത് സ്വലാഹി

ഹൃദയത്തെ ശുദ്ധീകരിക്കുക / 24
ഫദ്‌ലുൽ ഹഖ് ഉമരി

ഇങ്ങനെയും ഒരു യുവാവ്! / 26
പി.എൻ. അബ്ദുല്ലത്വീഫ് മദനി

അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും / 28
ശമീർ മദീനി

അനുചരന്മാരെക്കുറിച്ച് പ്രവാചകൻﷺപറഞ്ഞത് / 32
ശൈഖ് ഇഹ്‌സാൻ ഇലാഹി ദഹീർ

**നമുക്ക് ചുറ്റും**

മതപ്രബോധനം മറുമരുന്നാണ് / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design & Layout: Elan Creativo
Cover: Riyas K | mail@nerpatham.com | www.nerpatham.com | 0495 4019437

## വായനക്കാർ എഴുതുന്നു




### പറവൂരുകൾ ഇനിയാവർത്തിക്കരുത്

പറവൂർ ആക്രമണ പശ്ചാത്തലത്തിൽ നേർപഥം നടത്തിയ ധീരമായ ഇടപെടൽ ശ്രദ്ധയാകർഷിക്കുന്നതായി. ഇഷ്ടമുള്ള മതം സ്വീകരിക്കാനും അതിന്റെ ആചാരങ്ങൾ നിലനിർത്താനും അത് പ്രചരിപ്പിക്കാനുമുള്ള പൗരന്റെ മൗലികാവകാശത്തെ ഹനിക്കുന്ന സംഘി ഭീകരതയെ നിലക്ക് നിർത്തേണ്ടതിന് പകരം കുറ്റം ചെയ്തവരെ സ്റ്റേഷൻ ജാമ്യത്തിൽ വിടുകയും ഇരയായ പ്രബോധകരെ പീഡിപ്പിക്കുകയുമാണ് നിയമപാലകർ ചെയ്തത്. ഉത്തരേന്ത്യയിൽ മാത്രം നടന്നുവരാറുള്ള ആൾക്കൂട്ടവേട്ടയുടെ പരിഷ്കരിച്ച രൂപമാണ് യഥാർഥത്തിൽ പറവൂരിൽ നടന്നത്. പോലീസുകാർ, പറവൂരിൽ പരിവാറിന്റെ പാറാവുകാരായി മാറിയ അത്യന്തം ദയനീയമായ കാഴ്ചയും ഇതിന്റെ ബാക്കിപത്രമെന്നോണം നമുക്ക് കാണാനായി.

നട്ടെല്ലില്ലാത്ത ഭരണകൂടമാണ് ഏതൊരു നാടിന്റെയും ശാപം. വടക്കൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടോടെയായിരുന്നു, ഇക്കഴിഞ്ഞ കാലയളവ് വരെ ഇടതും വലതും മാറി മാറി ഭരിച്ച കേരളം. എന്നാൽ, കള്ളക്കേസെടുത്ത നിയമപാലകരെയും അതിനെ ന്യായീകരിച്ച ഭരണകൂടത്തെയും നിശബ്ദരാക്കിക്കൊണ്ടാണ് കുറ്റാരോപിതരുടെ ജാമ്യാപേക്ഷയിൽ കോടതി വിധി പറഞ്ഞത്. രാജ്യത്ത് നന്മ വറ്റിപ്പോയിട്ടില്ലെന്നും സത്യവും ധർമവും പരിപാലിക്കുന്നതിൽ ജുഡീഷ്യറിയുടെ സഹായമുണ്ടെന്നും തിരിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അത്.

അതുപോലെ എടുത്തു പറയേണ്ട വിഭാഗമാണ് ഇവിടുത്തെ മുഖ്യധാരാ മാധ്യമങ്ങൾ. എന്തൊക്കെ വിമർശനങ്ങളുണ്ടെങ്കിലും, മാധ്യമങ്ങൾ അവരോചിതമായി ഉണർന്നു പ്രവർത്തിച്ചു എന്നതിന്റെ തെളിവാണ് ഇവ്വിഷയകമായി പുറത്തു വന്ന ഓരോ ചാനൽ ചർച്ചകളും.

ലഘുലേഖ വിതരണം ചെയ്ത ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ പ്രവർത്തകരോട് അനുഭാവം പ്രകടിപ്പിച്ച് ചാനൽ അധികൃതർ നടത്തിയ ഓരോ ചർച്ചകളും മതേതര കേരളത്തിന്റെ തിരുനെറ്റിയിൽ ചാർത്തിയ പൊൻതൂവലുകളാണെന്ന കാര്യത്തിൽ സംശയമില്ല. പ്രബോധനരംഗത്ത് ഗുണകാംക്ഷാനിർഭരമായ പ്രവർത്തനത്തോടൊപ്പം പ്രതീക്ഷാപൂർവ്വമായ പ്രാർഥനകളും ഉയരേണ്ട സന്ദർഭമാണിത്. ശോഭനമായ ഭാവി ആശംസിച്ചുകൊണ്ട്.

**-ജമീൽ അബ്ദുറസാഖ് തിരൂരങ്ങാടി**

### തുടരട്ടെ, ഈ ഗുണകാംക്ഷ

ലഘുലേഖാ വിവാദവുമായി ബന്ധപ്പെട്ട് അന്യായമായി ഇസ്‌ലാമിക പ്രബോധകരെ പീഡിപ്പിച്ച സമയത്ത് കക്ഷി വ്യത്യാസമില്ലാതെ മുഴുവൻ മുസ്‌ലിം സംഘടനകളും ഇതര സാമുദായിക സംഘടനകളും മർദിതർക്കൊപ്പം നിന്ന കാഴ്ച നിറകണ്ണുകളോടെയാണ് നോക്കിക്കണ്ടത്.

എന്തൊക്കെ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ആദർശപ്രബോധനത്തിനോ പ്രബോധകർക്കോ പ്രയാസം നേരിട്ടാൽ ഒരൊറ്റ മനസ്സോടെ ഉണർന്നെഴുന്നേൽക്കാനുള്ള സമുദായ മനസ്സിനെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. ദീനീ മാർഗത്തിലിറങ്ങിപ്പുറപ്പെട്ട സഹോദരങ്ങൾക്ക് നേരിട്ട പ്രയാസത്തെ മറക്കാതെ തന്നെ പറയട്ടെ, ഒരുവേള ഇത്തരമൊരു അനുഭവം വന്നു ഭവിച്ചത് ഗുണകരമായെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. ഈയൊരു ദുര്യോഗം വന്നില്ലായിരുന്നുവെങ്കിൽ ആദർശരംഗത്ത് വ്യതിരിക്തത പുലർത്തുമ്പോൾ തന്നെ വിശ്വാസികൾ തമ്മിൽ വെച്ച് പുലർത്തുന്ന ഈയൊരു ഐക്യവും സ്നേഹവും നാം തിരിച്ചറിയപ്പെടാതെ പോകുമായിരുന്നു.

**-ഷാനവാസ് ഇടുക്കി**

### സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# ആരും ശാശ്വതരല്ല

ഇഹലോകം; ജനിമൃതികൾക്കിടയിലെ ആവാസകേന്ദ്രം. അതിലെ ജീവിതം ശാശ്വതമല്ല. വളരെ ദൈർഘ്യമുള്ളതുമല്ല. ഏതാനും വർഷങ്ങൾ മാത്രം. എങ്കിലും മനുഷ്യൻ ദുരഭിമാനത്തിന്റെയും അഹങ്കാരത്തിൻെറയും കൊടുമുടിയിൽ കയറിനിന്ന് താനിവിടെ ശാശ്വതനാണെന്ന മട്ടിൽ വിരാജിക്കുന്നു. ധാർമിക നിയമങ്ങളും സദാചാര സംഹിതകളും തച്ചുതകർക്കുന്നു. ജാതിയുടെയും മതത്തിന്റെയും വർഗത്തിന്റെയും വർണത്തിന്റെയും ദേശത്തിന്റെയും ഭാഷയുടെയും കക്ഷിരാഷ്ട്രീയത്തിന്റെയുമൊക്കെ പേരിൽ ചോരപ്പുഴകൾ ഒഴുക്കുന്നു. അതെ, വിറക്കാത്ത കൈകളോടെ, അറക്കാത്ത മനസ്സോടെ അയൽവാസിയുടെ കഴുത്തിൽനിന്നും തലവേർപെടുത്തുന്നു. അപരന്റെ നെഞ്ചിലേക്ക് വെടിയുണ്ടയുതിർക്കുന്നു. നിരപരാധികളുടെ ശരീരങ്ങൾ സ്ഫോടനത്തിലൂടെ ഛിന്നഭിന്നമാക്കുന്നു.

നിമിഷങ്ങൾക്കുള്ളിൽ വറ്റിപ്പോകുന്ന ഹിമബിന്ദുപോലെയാണ് ഐഹിക ജീവിതമെന്നും അതിനാൽ അത് തീരുംമുമ്പ് സ്രഷ്ടാവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തണമെന്നും അങ്ങനെ ആത്മ സംതൃപ്തിയോടെ മരിച്ച് പരലോക വിജയത്തിന് പാത്രീഭൂതരാകാൻ ശ്രമിക്കണമെന്നും ഇസ്‌ലാം മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നു. ഇഹലോകത്തിൻെറ നൈമിഷികതയെക്കുറിച്ച് ബോധമുള്ള ഒരു മനുഷ്യൻ നടേ സൂചിപ്പിച്ചതരത്തിൽ താന്തോന്നിയായി ജീവിക്കാൻ തരമില്ല. സകലവിധ അധർമത്തിന്റെയും ആൾരൂപങ്ങളായിരുന്ന ഒരു ജനതതിയെ നിഷ്കളങ്കരും സദാചാരനിഷ്ഠരുമാക്കിത്തീർക്കുവാൻ നബിﷺക്ക് സാധിച്ചതിന്റെ പിന്നിൽ അവരിൽ ഭൗതിക ജീവിതത്തോടുള്ള അമിത കാമന ഇല്ലായ്മ ചെയ്യുവാനും പരലോക വിജയത്തിനായുള്ള അഭിനിവേശം സന്നിവേശിപ്പിക്കുവാനും കഴിഞ്ഞു എന്നുള്ളതാണ്.

നബിﷺപറഞ്ഞു: "നീ ഇഹലോകത്ത് ഒരു വിദേശിയെപ്പോലെ ആവുക; അല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെപ്പോലെ." താൽക്കാലികാവശ്യത്തിന് അന്യദേശത്തു ചെന്ന ഒരു വ്യക്തി അവിടെ സ്ഥലംവാങ്ങി വീടുവെക്കാനൊരുങ്ങില്ല. എത്രയും പെട്ടെന്ന് ആവശ്യം പൂർത്തിയാക്കി സ്വദേശത്തേക്ക് മടങ്ങാൻ അയാൾ വെമ്പൽകൊള്ളും. ഒരു വഴിയാത്രക്കാരൻ ക്ഷീണമകറ്റാൻ മരത്തണലിലോ സത്രത്തിലോ തങ്ങുമ്പോൾ അയാളുടെയും മനസ്സിൽ എത്രയും വേഗം വീട്ടിൽ തിരിച്ചെത്തണമെന്നായിരിക്കും. അതുപോലെയായിരിക്കണം ഒരു സത്യവിശ്വാസി ഇഹലോകത്ത് ജീവിക്കേണ്ടത്. മരണമെന്ന യാഥാർഥ്യം മറന്നുകൊണ്ട് ഇവിടെ ശാശ്വതനെന്ന മട്ടിൽ ജീവിക്കരുത്. നമ്മൾ വെറും വഴിയാത്രക്കാരാണ്. ഇന്നല്ലെങ്കിൽ നാളെ മടങ്ങേണ്ടിവരും. നമുക്ക് ഇഷ്ടമാണെങ്കിലും അല്ലെങ്കിലും നിർബന്ധമായ മടക്കം. നമുക്ക് ഇഷ്ടമുള്ള സമയവും ദിവസവും നോക്കാതെയുള്ള മടക്കം. കാരണം, ആ മടക്കദിവസവും സമയവും തീരുമാനിക്കുന്നത് നമ്മളല്ല; സ്രഷ്ടാവാണ്. ദൈവവിശ്വാസികളും ദൈവനിഷേധികളുമൊക്കെ അവനവന് നിശ്ചയിക്കപ്പെട്ട സമയം വരുമ്പോൾ മടങ്ങിപ്പോയേ തീരൂ.

ഈ യാഥാർഥ്യം മനസ്സിലാക്കിയ പ്രവാചകസഖാക്കളുടെ ദൃഷ്ടിയിൽ ലൗകിക താൽപര്യങ്ങളും ലക്ഷ്യങ്ങളും അപ്രധാനമായിത്തീർന്നു. സമ്പത്തുള്ളവർ ഉദാരമായി ധർമം ചെയ്തു. സംസാരത്തിൽ, പ്രവർത്തനങ്ങളിൽ സൂക്ഷ്മത പുലർത്തി. വിശ്വാസ സംരക്ഷണത്തിന് വിഘാതം നിൽക്കുകയും അക്രമിക്കാനൊരുമ്പെട്ടുവരികയും ചെയ്തവരോട് സധീരം അവർ പൊരുതി. ഐഹികമായ എന്തെങ്കിലും നേട്ടമോ ആരൊടെങ്കിലുമുള്ള വിദ്വേഷമോ വെറുപ്പോ അല്ലായിരുന്നു അവരെ അതിന് പ്രേരിപ്പിച്ചത്. പരലോക രക്ഷയായിരുന്നു അവരുടെ ലക്ഷ്യം.

നബിﷺ പറഞ്ഞു: "ആരെങ്കിലും ഇഹലോകത്തെ സ്നേഹിച്ചാൽ പരലോകത്ത് അത് നഷ്ടമുണ്ടാക്കും. ആരെങ്കിലും പരലോകത്തെ സ്നേഹിച്ചാൽ ഇഹലോകത്ത് അത് നഷ്ടമുണ്ടാക്കും. അതുകൊണ്ട് നശിക്കുന്നതിനെക്കാൾ ശേഷിക്കുന്നതിന് നിങ്ങൾ പ്രാധാന്യം നൽകുക" (അഹ്മദ്, ബൈഹഖി).

ടി.കെ ത്വൽഹത്ത് സ്വലാഹി
tkthalha@gmail.com

ലേഖനം



# ആരോഗ്യം: മഹത്തായ അനുഗ്രഹം

**കാ**രുണ്യവാനായ അല്ലാഹു അവന്റെ അടിമകളായ മനുഷ്യർക്ക് നൽകിയ മഹത്തായ അനുഗ്രഹങ്ങളിൽ ഒന്നാണ് ശാരീരികാരോഗ്യം എന്നത്. പലപ്പോഴും 'കണ്ണില്ലാത്തവനേ കണ്ണിന്റെ വിലയറിയൂ' എന്ന് പറയുന്നത് പോലെ ആരോഗ്യമുള്ളപ്പോൾ നമ്മുടെ ആരോഗ്യത്തിന്റെ പ്രാധാന്യവും മഹത്ത്വവും നാം മറന്നുപോവുകയാണ്. ഈമാനികമായ ഉറപ്പ് കിട്ടിക്കഴിഞ്ഞാൽ പിന്നീട് ഒരു വിശ്വാസിക്ക് കിട്ടുന്ന ഏറ്റവും വലിയ അനുഗ്രഹം ശാരീരിക സൗഖ്യമാണെന്നാണ് പ്രവാചകാധ്യാപനം. നബിﷺ പറഞ്ഞു: "രണ്ട് അനുഗ്രഹങ്ങൾ, അതിൽ അധികപേരും വഞ്ചിതരാണ്. ആരോഗ്യവും ഒഴിവുസമയവുമാണത്" (ബുഖാരി:6412).

ആരോഗ്യത്തിന്റെ മഹത്ത്വമറിയാൻ നമുക്ക് ചുറ്റുമുള്ള രോഗികളിലേക്ക് ഒന്ന് നോക്കിയാൽ മതിയാകും. എന്തെല്ലാം രീതിയിലുള്ള രോഗങ്ങളാണ് ഇന്ന് മനുഷ്യർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്! മാരകമായ വേദന അനുഭവിക്കുന്ന നിത്യരോഗികൾ എത്രയെത്രയുണ്ട്! മുമ്പ് ഒരു പനി ബാധിച്ചു എന്ന് കേട്ടാൽ അധികമൊന്നും പേടിക്കാനില്ലായിരുന്നു. ഇപ്പോൾ പനി വരുമ്പോഴേക്ക് അത് എന്ത് പനിയാണെന്ന് നിർണയിച്ച് പെട്ടെന്നു തന്നെ ചികിത്സ തേടേണ്ടിയിരിക്കുന്നു.

മാരകമായ ക്യാൻസർ ബാധിച്ച് വേദന കടിച്ചമർത്തി ജീവിക്കുന്നവർ, ആഴ്ചയിൽ ഒന്നോ രണ്ടോ അതിലധികമോ തവണ ഡയാലിസിസിന് വിധേയമാവുന്ന കിഡ്നി രോഗികൾ, ശരീരം പൂർണമായി തളർന്ന് ഒന്ന് അനങ്ങാൻ പറ്റാതെ ദിവസങ്ങൾ എണ്ണിനീക്കുന്നവർ, ബന്ധുക്കൾക്ക് കാണാനോ പരിചരിക്കാനോ കഴിയാതെ വെന്റിലേറ്ററിൽ കഴിയുന്നവർ, മൂക്കിലൂടെയും കഴുത്തിലൂടെയുമൊക്കെ പൈപ്പിട്ട് ഭക്ഷണം കൊടുക്കേണ്ടി വരുന്നവർ, ശരീരം മുഴുവൻ ചൊറി ബാധിച്ച് ഒരേ സമയം ശാരീരികമായും മാനസികമായും തളർന്നവർ...

**നാം അനുഗൃഹീതർ!**

ഇത്രയധികം രോഗികൾക്കിടയിൽ ആരോഗ്യവാന്മാരായി ജീവിക്കുന്നവർ എത്ര അനുഗൃഹീതരാണ്! നബിﷺ പറഞ്ഞു: "ആരെങ്കിലും തന്റെ വിരിപ്പിൽ നിർഭയനായി, ശാരീരിക സുഖമുള്ളവനായി നേരം പുലരുന്നുവെങ്കിൽ അവൻ ദുൻയാവ് മുഴുവനായും നേടിയവനെപ്പോലെയാണ്" (തിർമിദി: 2346, ഇബ്നുമാജ: 4141).

അലി‍ؓ പറഞ്ഞു: "ആരോഗ്യം ഒരു ചരക്കാണ്. ക്ഷീണം ഒരു നഷ്ടവും. സമ്പത്ത് ഒരു അനുഗ്രഹമാണ്. എന്നാൽ ആരോഗ്യം സമ്പത്തിനെക്കാൾ ശ്രേഷ്ഠമായ അനുഗ്രഹമാണ്. ശാരീരികാരോഗ്യത്തെക്കാൾ ശ്രേഷ്ഠമാണ് മാനസിക വിശുദ്ധി."

**മഹത്ത്വം ബോധ്യപ്പെടുക, അംഗീകരിക്കുക**

ആരോഗ്യവാന്മാരായ നാം നമുക്ക് ലഭിച്ച ആരോഗ്യത്തിന്റെ മഹത്ത്വം മനസ്സിലാക്കുകയും അത് അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. നമ്മുടെ ആരോഗ്യം എപ്പോൾ വേണമെങ്കിലും നഷ്ടപ്പെട്ടേക്കാം. കാരണം, നമ്മുടെ ശരീരത്തിലെ രക്തസഞ്ചാരത്തിന്ന് അൽപസമയം തടസ്സം വന്നാൽ... സദാസമയവും സ്പന്ദിച്ചികൊണ്ടിരിക്കുന്ന നമ്മുടെ ഹൃദയം അതിന്റെ മിടിപ്പ് നിർത്തിയാൽ... രണ്ടോ മൂന്നോ ദിവസം വിസർജനത്തിന് തടസ്സം വന്നാൽ...?! കാരുണ്യവാനായ അല്ലാഹു കാത്തുരക്ഷിക്കുമാറാകട്ടെ.

**ആരോഗ്യം നീങ്ങിപ്പോകാതിരിക്കാൻ പ്രാർഥിക്കുക**

അല്ലാഹു നമുക്ക് നൽകിയ ആരോഗ്യം നിലനിൽക്കാനും നീങ്ങിപ്പോകാതിരിക്കാനും നാം പ്രാർഥന പതിവാക്കണം. ശാരീരിക സൗഖ്യം ചോദിച്ച് കൊണ്ടുള്ള ധാരാളം പ്രാർഥനകൾ പ്രവാചക വചനങ്ങളിൽ കാണാം. തിരുനബിﷺ ഇപ്രകാരം പ്രാർഥിക്കുമായിരുന്നു: "അല്ലാഹുവേ, നീ നൽകിയ അനുഗ്രഹം നീങ്ങിപ്പോകുന്നതിൽ നിന്നും, നീ തന്ന ശാരീരിക സുഖം മാറിപ്പോകുന്നതിൽ നിന്നും, നിന്റെ പെട്ടെന്നുണ്ടാകുന്ന ശിക്ഷകളിൽ നിന്നും, മുഴുവൻ ശാപകോപങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു" (മുസ്‌ലിം: 2739, അബൂദാവൂദ്: 1545).

**അല്ലാഹുവിനെ സ്തുതിക്കുക,
നന്ദി കാണിക്കുക**

നമുക്ക് ലഭിച്ച ആരോഗ്യമെന്ന അനുഗ്രഹത്തിന് അല്ലാഹുവിനെ സ്തുതിച്ചും അവന് നന്ദി കാണിച്ചും ജീവിക്കാൻ നമുക്ക് കഴിയണം. ഉറക്കിൽ നിന്ന് ഉണർന്ന് കഴിഞ്ഞാൽ നബിﷺ ഇപ്രകാരം പറയുമായിരുന്നല്ലോ:

"ഞങ്ങളെ മരിപ്പിച്ചതിന് ശേഷം ജീവിപ്പിച്ച അല്ലാഹുവിനാകുന്നു സർവ സ്തുതിയും. അവനിലേക്കാണ് ഞങ്ങളുടെ മടക്കം"(ബുഖാരി: 6314).

"എന്റെ ശരീരത്തിന് സൗഖ്യം നൽകിയ, എന്റെ ആത്മാവിനെ തിരിച്ച് നൽകിയ, അവനെ സ്മരിക്കാൻ എന്നെ അനുവദിച്ച അല്ലാഹുവിനാകുന്നു സർവസ്തുതിയും" (തിർമിദി: 3401).

ആരോഗ്യം അല്ലാഹുവിന്റെ മാർഗത്തിൽ ഉപയോഗിക്കാനും, ഓരോ അവയവം കൊണ്ടും അല്ലാഹു ഇഷ്ടപ്പെടുന്നത് മാത്രം ചെയ്യാനും സാധിക്കുന്നവരാണ് നന്ദിയുള്ള അടിമകൾ.

ആരോഗ്യത്തിന് ഹാനികരമായിത്തീരുന്ന ഒന്നും ഉപയോഗിക്കാൻ ഇസ്‌ലാം അനുവാദം നൽകുന്നില്ല. ആരോഗ്യത്തിന് ഗുണവും പ്രയോജനവും ഉള്ളത് മാത്രമെ ഒരു മുസ്‌ലിം ഉപയോഗിക്കാവൂ എന്ന് ഇസ്‌ലാം സഗൗരവം ശാസിക്കുന്നു. കാരണം, മനുഷ്യന്റെ ശാരീരികവും സാമ്പത്തികവും സാമൂഹികവുമായ സുരക്ഷയാണ് ഇസ്‌ലാം ലക്ഷ്യം വെക്കുന്നത്. വിശുദ്ധ ക്വുർആൻ പൊതുനിർദേശമായി നമ്മോട് ആവശ്യപ്പെട്ടിട്ടുള്ളത് "നിങ്ങൾ തന്നെ നിങ്ങളെ നാശത്തിൽ തള്ളിക്കളയരുത്"(2:195) എന്നാണല്ലോ!

'രോഗം വന്നിട്ട് ചികിത്സിക്കുന്നതിനെക്കാൾ നല്ലത് രോഗം വരാതെ കാത്തുസൂക്ഷിക്കലാണ്' എന്നത് അറബിയിലെ അറിയപ്പെട്ട ആപ്തവാക്യമാണ്. ശാരീരികമായ ആരോഗ്യം നിലനിർത്താൻ പറ്റിയ ധാരാളം നിർദേശങ്ങളും ഉപദേശങ്ങളും ഇസ്‌ലാമികാധ്യാപനങ്ങളിൽ നമുക്ക് കാണാം.

ഇസ്‌ലാം പഠിപ്പിക്കുന്ന ആരാധനാകർമങ്ങളുടെയും മറ്റു സൽകർമങ്ങളുടെയും കാതലായ ലക്ഷ്യം ആത്മീയ സംസ്കരണവും അതുവഴി പാരത്രി

**ആരോഗ്യത്തിന് ഹാനികരമായിത്തീരുന്ന ഒന്നും ഉപയോഗിക്കാൻ ഇസ്‌ലാം അനുവാദം നൽകുന്നില്ല. ആരോഗ്യത്തിന് ഗുണവും പ്രയോജനവും ഉള്ളത് മാത്രമെ ഒരു മുസ്‌ലിം ഉപയോഗിക്കാവൂ എന്ന് ഇസ്‌ലാം സഗൗരവം ശാസിക്കുന്നു. കാരണം, മനുഷ്യന്റെ ശാരീരികവും സാമ്പത്തികവും സാമൂഹികവുമായ സുരക്ഷയാണ് ഇസ്‌ലാം ലക്ഷ്യം വെക്കുന്നത്.**

ക മോക്ഷവുമാണ്. എന്നാൽ അതോടൊപ്പം ആ സൽകർമ്മങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ നമ്മുടെ ആരോഗ്യത്തെ സംരക്ഷിക്കാൻ കൂടി നമുക്ക് സാധിക്കും. വുദൂഅ്, കുളി പോലുള്ള ശുദ്ധീകരണത്തിലൂടെ ധാരാളം രോഗങ്ങളെ പ്രതിരോധിക്കാൻ മനുഷ്യർക്ക് കഴിയും.

അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (2:222).

"ശുദ്ധി ഈമാനിന്റെ ഭാഗമാണ്" എന്ന് നബിﷺ പറയുകയുണ്ടായി. നമ്മുടെ ശരീരത്തിലെ ബാഹ്യാവയവങ്ങളിലാണ് കൂടുതൽ പൊടിയും അഴുക്കും ആവാൻ സാധ്യതയുള്ളത്. എന്നാൽ "വുദൂഅ്" എടുക്കുന്നതിലൂടെ ബാഹ്യാവയവങ്ങൾ വൃത്തിയോടെയും ശുദ്ധിയോടെയും നിലനിർത്താൻ സാധിക്കും. ആരോഗ്യ സംരക്ഷണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന കാര്യമാണ് 'കുളി' എന്നത് സർവരാലും അംഗീകരിക്കപ്പെട്ടിട്ടുള്ള യാഥാർഥ്യമാണ്. ചൊറിയടക്കമുള്ള ധാരാളം ത്വക്ക് രോഗങ്ങളെ തടയാൻ കുളിയിലൂടെ സാധിക്കും. ദന്തശുദ്ധീകരണത്തിന് ഏറെ പ്രോത്സാഹനം നൽകിയ മതമാണ് ഇസ്‌ലാം.

"എന്റെ സമുദായത്തിന് പ്രയാസമാകുമായിരുന്നില്ലെങ്കിൽ ഓരോ വുദൂഇന്റെയും കൂടെ പല്ല് തേക്കാൻ ഞാൻ നിർബന്ധിക്കുമായിരുന്നു" എന്ന് തിരുനബിﷺ പറഞ്ഞത് പ്രത്യേകം ഓർക്കുക.

"ദന്ത ശുദ്ധീകരണം പല്ലിന് വൃത്തിയും, റബ്ബിന് തൃപ്തിയുമാണ്" എന്ന പ്രവാചക വചനം ഇതിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ആർത്തവ സമയത്ത് ഭാര്യാഭർതൃ ബന്ധം വിലക്കിയതിലും കുളിക്കാനും വുദൂഅ് ചെയ്യാനും വെള്ളം ഉപയോഗിച്ചാൽ രോഗം മൂർഛിക്കാൻ സാധ്യതയുള്ളവർ പകരം 'തയമ്മും' ചെയ്താൽ മതിയാകുമെന്ന് പഠിപ്പിച്ചതിലും ആരോഗ്യ സംരക്ഷണത്തിന് ഇസ്‌ലാം നൽകുന്ന മഹത്വം മനസ്സിലാക്കാം.

നമസ്കാരവും നോമ്പും എല്ലാം നാം നിർവഹിക്കേണ്ടത് അല്ലാഹുവിന്റെ പ്രതിഫലവും പരലോക വിജയവും ലക്ഷ്യം വെച്ചുകൊണ്ടായിരിക്കണമെന്നതിൽ തർക്കമില്ല. അതോടൊപ്പം അവ ശാരീരികമായ ചില നേട്ടങ്ങൾ നൽകുന്നു എന്നത് അവിതർക്കിതമാണ്. അമ്പെയ്ത്ത്, കുതിര സവാരി തുടങ്ങിയ പരിശീലനങ്ങൾ ഇസ്‌ലാം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. അലസത വെടിഞ്ഞ് പണിയെടുക്കാനും ചലനാത്മകതയും ക്രിയാത്മകതയുമുള്ള ജീവിതം നയിക്കാനുമാണ് ഇസ്‌ലാം ഉദ്ഘോഷിക്കുന്നത്. അനാവശ്യമായി ഉറക്കമൊഴിക്കുന്നതും വിശ്രമമില്ലാതെ പണിയെടുത്ത് ക്ഷീണിക്കുന്നതും ആരാധനക്കാണെങ്കിൽ പോലും ഇസ്‌ലാം അനുവദിക്കുന്നില്ല.



രോഗാണുക്കൾ വളരാനും മറ്റും കാരണമാകുന്ന രീതിയിൽ ചപ്പ് ചവറുകളും മാലിന്യങ്ങളും വഴികളിലും വഴിയോരങ്ങളിലും നിക്ഷേപിക്കുന്നതും കുളിക്കടവിലും മരച്ചുവടുകളിലും മലമൂത്രം വിസർജനം നിർവഹിക്കുന്നതും ശാപാർഹമാണെന്ന് പ്രവാചകൻﷺ ഉണർത്തിയിട്ടുണ്ട്.

**ചില നിർദേശങ്ങൾ**

അമിതഭോജനം അരുത്: ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന മിക്ക രോഗങ്ങളുടെയും പ്രധാന കാരണം അമിതഭോജനവും വ്യായാമക്കുറവുമാണ് എന്ന് പഠനങ്ങൾ അറിയിക്കുന്നു. ആവശ്യത്തിനും അത്യാവശ്യത്തിനും ഭക്ഷണം കഴിക്കുന്നതിന് പകരം കിട്ടുന്നതെന്തും ഏത് സമയത്തും വാരിവലിച്ച് കഴിക്കുന്നത് രോഗങ്ങൾ ക്ഷണിച്ച് വരുത്തും. ഇന്നത്തെ ഫാസ്റ്റ് ഫുഡ് സമ്പ്രദായം പലവിധ രോഗങ്ങൾക്ക് കാരണമാണെന്ന് ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത് നാം കാണാതെ പോകരുത്.

അല്ലാഹു പറയുന്നു: "...നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (7:31).

നബിﷺ പറയുന്നു: "വയറിനെക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറച്ചിട്ടില്ല. അവന്റെ മുതുക് നിവർത്താൻ വേണ്ട ഭക്ഷണമെ അവന് ആവശ്യമുള്ളൂ. അത് പോരെങ്കിൽ മൂന്നിലൊന്ന് ഭക്ഷണത്തിന്, മൂന്നിലൊന്ന് വെള്ളത്തിന്, മൂന്നിലൊന്ന് വായുവിന്" (തിർമിദി: 2380).

ഈ ഹദീഥിന്റെ വിശദീകരണത്തിൽ ഇബ്നു റജബ് അൽഹമ്പലി പറയുന്നു: "ഡോക്ടർ മാസവൈഹി പറഞ്ഞു: "ഈ വാചകങ്ങൾ ജനങ്ങൾ പ്രാവർത്തികമാക്കിയാൽ മിക്ക രോഗങ്ങളിൽ നിന്നും ശാരീരിക വൈകല്യങ്ങളിൽ നിന്നും അവർ രക്ഷപ്പെടും, ഒരുപാട് വൈദ്യശാലകൾ അടച്ചിടുകയും ചെയ്യും" (ജാമിഅ് ഉലൂമി വൽഹികം).

**നല്ലത് മാത്രം ഭക്ഷിക്കുക**

നല്ലത് മാത്രമെ ഭക്ഷിക്കാവൂ എന്നത് ഇസ്‌ലാം പ്രാധാന്യപൂർവം പഠിപ്പിക്കുന്നുണ്ട്. പഴകിയതും കേടുവന്നതുമായ ഭക്ഷണം ശാരീരിക രോഗങ്ങൾക്ക് കാരണമാവും.

അല്ലാഹു പറയുന്നു: 168. മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും, വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ച് കൊള്ളുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാകുന്നു(2:168),

"ഹേ; ദൂതൻമാരേ, വിശിഷ്ടവസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുവിൻ. തീർച്ചയായും ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനാകുന്നു" (23:51).

നമ്മുടെ ആരോഗ്യം സംരക്ഷിക്കുന്നതിൽ നാം ജാഗരൂകരാവുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇ മദ്രസ**
**ഉപജീവനം നൽകുന്നവൻ**
**മുജീബ് സലഫി**
04.09.17 തിങ്കൾ 07:20 AM, 06:05 PM,

**ആരോഗ്യവിചാരം**
**അത്യാഹിതങ്ങൾ, ഭാഗം: 9**
**ഹൃദയാഘാതം സംഭവിക്കുമ്പോൾ**
**ഡോ. യാസിർ ചോമയിൽ, ഡോ. അബ്ദുൽ മാലിക്**
04.09.17 തിങ്കൾ 9:00 PM, 11:15 PM
05.09.17 ചൊവ്വ 10:30 AM

**അടിത്തറകൾ**
**മലക്കുകളുടെ പ്രവർത്തനങ്ങൾ**
**ഫദ്‌ലുൽ ഹഖ് ഉമരി**
05.09.17 ചൊവ്വ 04:30 PM, 09:30 PM
06.09.17 ബുധൻ 09:30 PM

**ഇൻസൈറ്റ്**
**ശരീഅത്ത് നിയമം**
**റായിഫ് എടക്കനാട്**
06.09.17 ബുധൻ 07:15 AM, 07:00 PM
07.09.17 വ്യാഴം 02:55 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, ഭാഗം: 70**
**അലി(റ)വിനെക്കുറിച്ച് നബി(സ)യുടെ പ്രവചനം**
**അബൂബക്കർ സലഫി**
07.09.17 വ്യാഴം 4:30 PM, 9:30 PM, 08.09.17 വെള്ളി 9:30 PM

**ജനക്ഷേമം**
**ശ്രോതാക്കൾ അയച്ചുതന്ന ചോദ്യങ്ങൾ**
**ജി.എസ്.റ്റി പാനൽ ഡിസ്കഷൻ, ഭാഗം: 2**
**സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്**
**അസിസ്റ്റന്റ് കമ്മീഷണർ അബ്ദുൽ ലതീഫ്** (സ്റ്റേറ്റ് മാസ്റ്റർ ട്രെയിനർ, ജി എസ് റ്റി സ്റ്റേറ്റ് വർക്കിംഗ് ഗ്രൂപ്പ് അംഗം), **സ്റ്റേറ്റ് ടാക്സ് ഓഫീസർ എ.എം ഷംസുദ്ധീൻ** (മാസ്റ്റർ ട്രെയ്നർ ടെക്നിക്കൽ), **സ്റ്റേറ്റ് ടാക്സ് ഓഫീസർ മുഹമ്മദലി പോത്തുകാടൻ**
07.09.17 വ്യാഴം 9:00 PM, 11:15 PM
08.09.17 വെള്ളി 9:00 PM


**സ്നേഹക്കൂട്**
**വിവാഹ മോചനം; ചില ന്യൂ ജനറേഷൻ കാരണങ്ങൾ**
**കല്യാണത്തിനിടയിൽ കാനോത്ത് മറക്കാമോ?**
**ഹാരിസ് ബിൻ സലീം, താജുദ്ധീൻ സ്വലാഹി**
08.09.17 വെള്ളി 08:20 AM, 09.09.17 ശനി 12:20, 08:20 PM

**തിരുനബിയോടൊപ്പം**
**സുന്നത് നമസ്കാരങ്ങൾ വീട്ടിൽ**
**നിർവഹിക്കുന്നതിന്റ മഹത്വം**
**അബ്ദുറഹ്മാൻ അൻസാരി**
08.09.17 വെള്ളി, 6:35 PM, 10:40 PM

**വിജയ പീഠം**
**ഐക്യരാഷ്ട്ര സഭയിൽ പ്രബന്ധം അവതരിപ്പിച്ച**
**അശ്ഹം സലീലുമായി പീസ് റേഡിയോ**
**പ്രധിനിതി നടത്തിയ അഭിമുഖം**
10.09.17 ഞായർ 9:00, 11:15 PM, 11.09.17 തിങ്കൾ 10:30 AM

ത്വാഹാ റഷാദ്
thwaharashad@gmail.com

കവർ സ്റ്റോറി



# കളിപാതകങ്ങൾ

**വിനോദങ്ങൾക്കും ആസ്വാദനങ്ങൾക്കുമാണ് ഗെയിമുകൾ. എന്നാൽ ഗെയിമുകൾ തന്നെ മരണ കാരണമാവുകയാണെങ്കിലോ? ബ്ലൂവെയിൽ ഗെയിമിന്റെ പശ്ചാത്തലത്തിൽ ഒരന്വേഷണം.**

നൈമിഷിക ആസ്വാദനത്തിന്റെയും വിനോദത്തിന്റെയും പിന്നാലെ ലക്ഷ്യം മറന്ന് നീങ്ങുകയാണ് മനുഷ്യൻ. കാലഘട്ടത്തിനനുസരിച്ച് വിനോദത്തിന്റെ മാർഗവും രൂപവും മാറിക്കൊണ്ടേയിരിക്കുന്നു. വിദ്യാർഥികൾ മുതൽ പ്രായംചെന്നവർ വരെ ലഹരിയുടെയും മറ്റ് വൃത്തികെട്ട ആസ്വാദനമുറകളുടെയും അടിമകളാണിന്ന്.

മദ്യം, മയക്കുമരുന്ന്, ചൂതാട്ടം, വ്യഭിചാരം എന്നിങ്ങനെയുള്ള സാർവത്രിക തിന്മകൾക്കൊപ്പം ഇന്റർനെറ്റ്, വീഡിയോ ഗെയിം എന്നിവയോടുള്ള അമിതഭ്രമവും, സാഡിസവും ആത്മഹത്യയും NSSIയും (Non Suicidal Self Injury) എല്ലാം ഇതിനോട് ചേർത്ത് വായിക്കേണ്ടിയിരിക്കുന്നു. തിന്മകളിലുള്ള സുഖം ആസ്വദിക്കാനായി ജീവിക്കുന്നവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. വേദനയിൽ ആനന്ദം കണ്ടെത്തുക എന്ന നീചവൃത്തിയെ വരിക്കുന്ന സംസ്കാരം.

ആകുലതയിൽ നിന്നും ക്ലേശങ്ങളിൽ നിന്നും മോചനം എന്ന നിലയിൽ സ്വ-പീഡനം (Selfharm) ശീലമാക്കിയവരുടെ എണ്ണം ഇന്ന് വർധിച്ചിരിക്കുന്നു. 2013 ലെ Global burdan of Desease study[1] പ്രകാരം ആ വർഷം 3.3 മില്യൺ സ്വ-പീഡന സംഭവങ്ങൾ വാർത്തയായിട്ടുണ്ട്. 2006ലെ (Truth hart's Report)[2] പ്രകാരം 12-24 വയസ്സിലുള്ള കുട്ടികളിലാണ് ഇത്തരം സ്വയം മറിവേൽപ്പിക്കൽ വ്യാപകമാകുന്നത് എന്നാണ് കണ്ടെത്തൽ.

നല്ല ശരീരവും ആരോഗ്യവും ദൈവാനുഗ്രഹങ്ങളാണ്. സ്വശരീരത്തെ ദ്രോഹിക്കാനോ മുറിവേൽപിക്കാനോ സ്വയം വധിക്കാനോ നമുക്കവകാശമില്ല. നബിﷺ പറഞ്ഞു: "ആരെങ്കിലും ഇഹലോകത്ത് വല്ല വസ്തുവും ഉപയോഗിച്ച് ആത്മഹത്യ ചെയ്താൽ അതുകൊണ്ട് അന്ത്യനാളിൽ അല്ലാഹു അവനെ ശിക്ഷിക്കുന്നതാണ്" (ബുഖാരി, മുസ്‌ലിം).

### ഇന്റർനെറ്റ്

ഏറ്റവും നൂതനമായ വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പോലും മൂന്നാംകിട രാജ്യങ്ങളിലെ പിന്നോക്ക വിഭാഗത്തിനു പോലും സ്വായത്തമായ കാലമാണിത്. ഇന്റർനെറ്റ് എന്ന പുതുമാധ്യമത്തിന്റെ ചിറകിലേറി വിർചൽ വികസനത്തിന്റെ ഓരോ മേഖലയും മനുഷ്യൻ കീഴടക്കിക്കൊണ്ടിരിക്കുന്നു.

ആശയ വിനിമയം, പഠനം, ഷോപ്പിംഗ്, ഗതിനിർണയം എന്നിങ്ങനെ പല ദൈനം ദിനാവശ്യങ്ങളും ഇന്റർനെറ്റ് എളുപ്പമാക്കിത്തന്നിരിക്കുന്നു.

സിരി, വാട്സൺ, കൊർട്ടാന എന്നീ എ.ഐ (Artificial Intelligence) കൂടെ ചേരുമ്പോൾ ഇന്റർനെറ്റ് മനുഷ്യന്റെ പൂർണസഹായി ആയി മാറുകയാണ്. എന്നാൽ എല്ലാറ്റിലും തിന്മയുടെ സുഖം തേടുന്നവർ ഇവിടെയും കുഴിയൊരുക്കിയിട്ടുണ്ട്. പോണോഗ്രഫിയും സാമ്പത്തിക തട്ടിപ്പും വഞ്ചനങ്ങളും ഇന്റർനെറ്റ് സംവിധാനത്തെ പേടിപ്പെടുത്തുന്നതാക്കിയിട്ടുണ്ട്. ജനമനസ്സിനെ സ്വാധീനിക്കുന്ന പരസ്യങ്ങളും സന്ദേശങ്ങളുമെല്ലാം ഇത്തരത്തിൽ മോശമായിരിക്കുന്നു.

സിഗരറ്റോ മയക്കുമരുന്നോ കണ്ടിട്ടുപോലുമില്ലാത്ത 'നല്ല കുട്ടികൾ' ഈ കെണിയിൽ വീണിരിക്കുകയാണ്. ലോകം ഒരു ഗ്രാമമായ കാലത്ത് ഫേസ്ബുക്ക്, വികെ, വാട്സപ്പ് എന്നിവയിലൂടെ 'സോഷ്യൽ' ആകുന്ന കുരുന്നുകൾ തക്കം പാർത്തിരിക്കുന്നവരുടെ കറുത്ത കൈകളിൽ കുരുങ്ങുന്നുണ്ടോ?

ചാറ്റ് റൂമുകളിലേക്കും വിർചൽ കമ്യൂണിറ്റികളിലേക്കും എൻട്രി ലഭിക്കുന്നതോടെ കുട്ടികളുടെ സ്വഭാവം മാറുകയാണ്. കുളിച്ചൊരുങ്ങി സ്കൂൾ ബസിനു കാത്തുനിൽക്കുന്ന 'നല്ലകുട്ടിയും' ചാറ്റ്റൂമിലെ പിയർ ഗ്രൂപ്പ് പ്രഷറിൽ കുടുങ്ങുന്ന 'ചീത്ത കുട്ടിയും' ഒരാളായിരിക്കാം. അഥവാ ഓൺലൈൻ കമ്യൂണിറ്റികളിലെ മറയത്തിരിക്കുന്ന ചേട്ടന്മാർ നമ്മുടെ കുട്ടികളെ സ്വാധീനിക്കുന്നുണ്ട്.

### ബ്ലൂ വെയ്ൽ

2013ൽ വികെ വെബ്സൈറ്റിലെ ഗ്രൂപ്പിൽ രൂപം കൊണ്ട മരണക്കളിയാണ് ബ്ലൂ വെയ്ൽ. പ്ലേ സ്റ്റോറിൽ നിന്ന് നമ്മുടെ കുട്ടികൾ ഗെയിം വൻതോതിൽ ഡൗൺലോഡ് ചെയ്യുന്നു എന്നെല്ലാം പെരുപ്പിച്ച് കാട്ടി മാധ്യമങ്ങൾ ഇല്ലാ കഥമെനഞ്ഞത് എടുത്ത് കാട്ടി ഇങ്ങനെ ഒരു സംഭവമേ ഇല്ല എന്ന് പറയാൻ നമുക്കാകില്ല.

ഒരു ആപ്ലിക്കേഷനോ വെബ്സൈറ്റോ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ഗെയിം അല്ലാത്തതിനാൽ ആരെന്നോ എങ്ങനെ എന്നോ ഒന്നും പറയാവതല്ല. നവ മാധ്യമങ്ങളിലെ സീക്രട്ട് ഗ്രൂപ്പുകളിൽ ടാസ്ക് അടിസ്ഥാനമാക്കി നടക്കുന്ന എക്സിറ്റ് ഇല്ലാത്ത കളി, സ്വയം മുറിവേൽപിക്കുക, രാത്രി



ഒറ്റക്കിരിക്കുക, കത്തി കൊണ്ട് കയ്യിൽ 'എ57,എ40' എന്നെഴുതുക, വെളുപ്പിന് 4.20ന് എഴുന്നേറ്റ് വീടിനു മേലെ കയറുക, ദിവസം മുഴുവൻ ആരോടും സംസാരിക്കാതിരിക്കുക തുടങ്ങി 49 ടാസ്കുകൾക്ക് ശേഷം അവസാനമായി "Jump off a high building, Take your life' എന്ന് പറയുന്ന അതിവിചിത്രവും അപകടകരവുമായ കളി[3] എന്നതിനപ്പുറം തെളിവ് നിരത്തി സ്ഥാപിക്കാൻ സ്ഥിരമായ പ്ലാറ്റ്ഫോം പോലുമില്ലാത്ത ചാലഞ്ച് ഗെയിമാണ് ബ്ലൂവെയ്ൽ.

ബ്ലൂവെയ്ൽ ഗെയിം സ്ഥാപകനായ ഫിലിപ്-ബുദൈകിൻ അറസ്റ്റിലാകുമ്പോൾ പറഞ്ഞത് 'ഇവർ ജൈവശാസ്ത്രപരമായ പാഴ്ച്ചെലവുകളാണ്, മ

രിക്കാൻ സന്തോഷമുള്ളവർ. അവരെ കൊല്ലുക വഴി താൻ സമൂഹത്തെ ശുദ്ധീകരിക്കുകയാണ് ചെയ്യുന്നത്' എന്നായിരുന്നു.

ഗെയിമിന്റെ അസ്തിത്വത്തെ അനുകൂലിച്ചും പ്രതികൂലിച്ചും വാർത്തകളും എഴുത്തുകളും സംവാദങ്ങളുമുണ്ടെങ്കിലും നാം കരുതിയിരുന്നേ തീരൂ. കാരണം ബ്ലൂവെയ്ൽ എന്നത് ഒരു കണ്ണി മാത്രമാണ്.

അതിഭീകരങ്ങളായ ചലഞ്ച് ഗെയിമുകൾ ഇനിയുമേറെയുണ്ട്. (അവ തേടിപ്പിടിക്കുമെന്ന് ഭയന്ന് പേരുകൾ ഇവിടെ കുറിക്കുന്നില്ല). ഇവയെല്ലാം പ്രചരിക്കുന്നതും നിലനിൽക്കുന്നതും സോഷ്യൽ മീഡിയ, ഗ്രൂപ്പുകളിലൂടെ ആണെന്നറിയുമ്പോഴാണ് ഇന്റർനെറ്റിന്റെ ഇരുണ്ട മുഖം നാമറിയുന്നത്.

ഈ ഗെയിമുകൾ അസാനിപ്പിക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് 2013ൽ സ്ഥാപിച്ച ഗബ്രിയേൽ ക്രംപ് മെമ്മോറിയൽ പേജും സ്ഥാപകർ ഡാനയുടെയും ക്രംപിന്റെയും 12 കാരനായ മകൻ ഗബ്രിയേലും സമാന കഥ പറയുന്ന ഡനായ ലോപസിന്റെ പുസ്തകവും ഈ വില്ലൻ കളിയുമായി പോരാടുകയാണ്.

ഇത്തരം ചതിക്കുഴികൾ നമ്മോടാവശ്യപ്പെടുന്നത് മുൻകരുതലുകളാണ്. സർവോപരി ജീവിത ലക്ഷ്യവും മാർഗവും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന, ശരീയായ ഇസ്‌ലാമിക വിശ്വാസങ്ങളും സ്വഭാവങ്ങളുമുള്ള കുടുംബവും സമൂഹവും ഇത്തരം ആപത്തുകളിൽ നിന്ന് സുരക്ഷിതരാണ്. തന്റെ സമയവും ആരോഗ്യവും ചോദ്യം ചെയ്യപ്പെടുമെന്ന് ഉത്തമ ബോധമുള്ള വിശ്വാസി അറിയാതെ പോലും മേൽ പറഞ്ഞ തിന്മകളോട് രാജിയാകുമെന്ന് വിശ്വസിക്കാനാവില്ല.

ചെറുതും വലുതുമായ ഗാഡ്ജറ്റുകൾ അനായാസം ഉപയോഗിക്കുന്ന പിഞ്ചു കുഞ്ഞുങ്ങളുള്ള ലോകത്ത് നാം നിതാന്ത ജാഗ്രത പാലിക്കേണ്ടതുണ്ട്. കുട്ടികൾ ഒറ്റക്കിരിക്കുന്ന സമയം പരമാവധി കുറക്കുകയും അവർക്ക് യഥാർഥവും നന്മ നിറഞ്ഞതുമായ സാമൂഹിക ബന്ധങ്ങളുണ്ടെന്ന് ഉറപ്പു വരുത്തത്തുകയും ചെയ്യുക.

**പ്രത്യേക ന്യൂറോൺ ഉത്തേജനങ്ങൾക്കപ്പുറത്ത് വീഡിയോ ഗെയിം ഒരു തരത്തിലും നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ലതല്ല എന്ന് നാം തിരിച്ചറിയുക. സ്‌ക്രീനുകൾക്കപ്പുറത്ത് പച്ചപ്പാടവും മൈതാനങ്ങളുമുണ്ടെന്നും കായികവും ആരോഗ്യപരവുമായ ഉല്ലാസങ്ങളും ആനന്ദങ്ങളും ഒരു നിലയ്ക്കും അവർക്ക് നിഷേധിക്കപ്പെട്ടുകൂടാ എന്നും നാം തിരുമാനമെടുക്കുക.**

"ഒരു മനുഷ്യൻ അവന്റെ ചങ്ങാതിയുടെ ആദർശത്തിലായിരിക്കും. അതിനാൽ നിങ്ങളിലോരോരുത്തരും ആരുമായി കൂട്ടുകൂടുന്നു എന്ന് നോക്കട്ടെ" എന്ന നബിവചനം ഏറെ ശ്രദ്ധേയമാണ്.

പൂർണ സ്വാതന്ത്ര്യം നൽകുന്ന ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളാണുള്ളത്. അതിനാൽ കുട്ടികൾക്ക് നൽകുന്ന ഡിവൈസിന് പാരന്റൽ കൺട്രോൾ സംവിധാനം ഏർപെടുത്തുക, ഫോണിൽ Unauthorised applications ഇൻസ്റ്റാൾ ചെയ്യാതിരിക്കുക. ഇൻസ്റ്റാൾ ചെയ്യുന്ന ഓരോ സോഫ്റ്റ് വെയറിനെ കുറിച്ചും നിങ്ങൾക്ക് ബോധ്യമുണ്ടാകണം. ഈ പൊതു നിർദേശങ്ങൾ നാം അവഗണിച്ചു കൂടാ.

**വീഡിയോ ഗെയിമുകൾ**

റിയൽ ടൈം സ്ട്രാറ്റജിക് ഗെയിം കളിക്കുന്നത് കുട്ടികളുടെ Cognitive Flexibility വർധിപ്പിക്കുമെന്നും ബുദ്ധിശക്തി കൂട്ടുമെന്നുമുള്ള പഠനങ്ങൾ വാർത്തയായിരുന്നു.

വീഡിയോ ഗെയിമുകളുടെ അമിത ഉപയോഗം കുട്ടികളിലുണ്ടാക്കുന്ന മാനസിക പ്രശ്നങ്ങൾ നാം ആവശ്യത്തിലധികം വായിച്ചതു കൊണ്ടോ മറ്റോ ഇന്നും നാം കണ്ണടക്കുന്നു.

പ്രത്യേക ന്യൂറോൺ ഉത്തേജനങ്ങൾക്കപ്പുറത്ത് വീഡിയോഗെയിം ഒരു തരത്തിലും നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ലതല്ല എന്ന് നാം തിരിച്ചറിയുക. വിജ്ഞാനപ്രദവും ഗുണപ്രദവും ഇസ്‌ലാമികവുമായ ഒട്ടനേകം സോഫ്റ്റ്‌വെയറുകൾ സുലഭമായ ഈ കാലത്ത് നമ്മുടെ കുട്ടികൾക്ക് എന്ത് നൽകണം എന്നത് കുടുതൽ നാം ആലോചിക്കേണ്ടതില്ല. എന്നാൽ സ്ക്രീനുകൾക്കപ്പുറത്ത് പച്ചപ്പാടവും മൈതാനങ്ങളുമുണ്ടെന്നും കായികവും ആരോഗ്യപരവുമായ ഉല്ലാസങ്ങളും ആനന്ദങ്ങളും ഒരു നിലയ്ക്കും അവർക്ക് നിഷേധിക്കപ്പെട്ടുകൂടാ എന്നും നാം തിരുമാനമെടുക്കുക.

**Ref:**


(1) Global burdan of Desease study 2013, Collaborator's (22Aug. 2015)

(2) Truth hart s Report, Mental Health foundation, 2006

(3) hyggy pop.com/news/bluewhalechallenge

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com





# സ്വകാര്യത മൗലികാവകാശമാവുമ്പോൾ

**വ്യ**ക്തിയുടെ സ്വകാര്യത മൗലികാവകാശമല്ല എന്ന കേന്ദ്ര സർക്കാരിന്റെ നിലപാടിന്റെ കഴുത്തറുത്തുകൊണ്ട് സുപ്രീംകോടതിയുടെ വിധി വന്നതോടെ സ്വകാര്യതയുമായി ബന്ധപ്പെട്ട ആശങ്കകൾക്കും ചർച്ചകൾക്കും പുതിയ മാനം കൈവന്നിരിക്കുകയാണ്. സ്വകാര്യത ഭരണഘടനാനുസൃതമല്ലെന്ന സുപ്രീംകോടതിയുടെ മുമ്പത്തെ വിധികളെ മുഴുവൻ റദ്ദാക്കിക്കൊണ്ടാണ് സുപ്രീംകോടതിയുടെ ഈ സുപ്രധാനവിധി വന്നിരിക്കുന്നത്. ഈ വിധിയിലൂടെ ഭരണകൂടത്തിന്റെ ആവശ്യങ്ങളെക്കാൾ പൗരന്റെ മൗലികാവകാശങ്ങൾക്കാണ് പ്രാധാന്യമെന്ന് ഒരിക്കൽ കൂടി സുപ്രീംകോടതി വ്യക്തമാക്കിയിരിക്കുന്നു.

ഭരണഘടനയിൽ സ്വകാര്യതയെ സംബന്ധിച്ച് പ്രത്യേകിച്ച് പരാമർശങ്ങളില്ലെന്ന കാരണത്താലായിരുന്നു 1954ലെ എം. പി. ശർമ കേസിലും 1962 ലെ ഖരക് സിംഗ് കേസിലും സ്വകാര്യതയെ മൗലികാവകാശങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ലെന്ന് കോടതി നിരീക്ഷിച്ചിരുന്നത്. ഈ രണ്ടു കേസുകളുടെയും വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ അവ നേർക്കുനേരെ പൗരന്റെ സ്വകാര്യതയുമായി ബന്ധപ്പെട്ടതായിരുന്നില്ല എന്ന് കാണാം. ശർമ കേസ് ഡാൽമിയ ഗ്രൂപ്പിന്റെ അഴിമതിയുമായി ബന്ധപ്പെട്ടതായിരുന്നെങ്കിൽ ഖരക് സിംഗ് കേസ് അയാളുടെ പേരിൽ ഉത്തർപ്രദേശ് പോലീസ് കൊണ്ടുവന്ന കവർച്ച കേസുമായി ബന്ധപ്പെട്ടതായിരുന്നു. കമ്പനിയുടെ രേഖകൾ സ്വകാര്യമാണെന്നും അത് വിട്ടുകൊടുക്കുന്നത് ഭരണഘടനയുടെ 19ള അനുഛേ



**ആധാറുമായി ബന്ധപ്പെട്ട വിഷയത്തിൽ എങ്ങനെയാണ് പൗരന്റെ സ്വകാര്യത ലംഘിക്കപ്പെടുന്നതെന്ന ചോദ്യം പലരും ചോദിക്കാറുണ്ട്. ലോകത്തെ പല രാജ്യങ്ങളിലും വ്യക്തികളുടെ അടിസ്ഥാനവിവരങ്ങൾ രേഖപ്പെടുത്തുകയും ആ രേഖ അതീവ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. വ്യക്തികൾക്ക് അവരുടേതായ പല ആവശ്യങ്ങളും നേടുന്നതിനായി ഈ രേഖയുടെ അടിസ്ഥാനത്തിലുള്ള കാർഡുകൾ വിതരണം ചെയ്യാറുമുണ്ട്. ഇന്ത്യയിലും തുടക്കത്തിൽ ആധാർ പൊതുവിൽ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ആധാറിന്റെ പേരിൽ പൗരനിൽ നിന്നും നിർബന്ധപൂർവം ചോദിച്ചുവാങ്ങുന്ന വിവരങ്ങൾ സർക്കാർ തന്നെ ദുരുപയോഗം ചെയ്യുമെന്ന ആശങ്കകൾ രാജ്യത്തെ മതന്യൂനപക്ഷങ്ങളിൽ വളർന്നുവന്നിട്ടുണ്ട്.**

ദത്തിനു വിരുദ്ധമാണെന്നുമുള്ള വാദമായിരുന്നു അവർ ഉന്നയിച്ചത്. ഖരക് സിംഗ് ആവട്ടെ പോലീസ് അയാളുടെ ചലനങ്ങൾ നിരീക്ഷിക്കുന്നതിനെതിരെ ഒരാളുടെ ചലനസ്വാതന്ത്ര്യം ഉറപ്പാക്കുന്ന ഭരണഘടനയുടെ 19d അനുഛേദത്തിനെതിരാണെന്ന വാദമാണ് ഉന്നയിച്ചിരുന്നത്. ഈ കേസുകളുടെ അടിസ്ഥാനത്തിൽ ഒരു ഭരണകൂടത്തിന്റെ ഇടപെടലുകൾ അനിവാര്യമാവുന്ന മേഖലയിൽ പൗരന്റെ സ്വകാര്യത മൗലികാവകാശമാവുകയില്ലെന്ന വിധിപ്രസ്താവ്യം ഉണ്ടായത്.

ഇപ്പോഴുണ്ടായ വിധിയുടെ പശ്ചാത്തലം വേറെയാണ്. പൗരന്മാരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി രൂപപ്പെടുത്തിയ ആധാറിന് വേണ്ടി അവരുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കാനുള്ള യു.പി.എ. സർക്കാരിന്റെ തീരുമാനത്തിനെതിരെ 2012 ൽ റിട്ട. ജഡ്ജി കെ.എസ്. പുട്ടസ്വാമിയുടെ നേതൃത്വത്തിൽ ഒരു സംഘം പരാതിയുമായി സുപ്രീം കോടതിയെ സമീപിച്ചു. 2015 ആഗസ്റ്റ് 11നാണു കേസ് സുപ്രീംകോടതിയുടെ അഞ്ചംഗ ബെഞ്ചിന്റെ പരിഗണനക്ക് വിടുന്നത്. ചീഫ് ജസ്റ്റിസ് ഖെഹാറിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ ബെഞ്ച് ഈ വർഷം ജൂലായ് 18നു ഹരജികൾ പരിഗണനക്കെടുത്തു. എന്നാൽ അഞ്ചംഗ ബെഞ്ചിൽ നിന്നും വിശാല ബെഞ്ചിലേക്ക് വിടണമെന്ന് കേന്ദ്ര സർക്കാർ വാദിച്ചു. അങ്ങനെ കേസ് ഒമ്പതംഗ ബെഞ്ചിന്റെ മുന്നിലെത്തി. ആഗസ്റ്റ് 2 വരെ കോടതി വാദം കേട്ടു. 24 നു വിധി പ്രസ്താവിച്ചു. ശർമ, ഖരക്സിംഗ് വിഷയത്തിൽ ഉന്നയിക്കപ്പെട്ട 'ചില പ്രത്യേക സ്വാതന്ത്ര്യാവകാശങ്ങളുടെ സംരക്ഷണം' എന്ന അനുഛേദം 19 അല്ല, മറിച്ച് അനുച്ഛേദം 21 ന്റെ പരിധിയിലാണ് പൗരന്റെ സ്വകാര്യത കടന്നു വരുന്നതെന്നാണ് വിധിയിൽ ചൂണ്ടിക്കാട്ടിയത്.

പൗരന്റെ മൗലികാവകാശങ്ങളെ കുറിച്ച് വിശദമാക്കുന്ന ഭരണഘടനയുടെ മൂന്നാം ഭാഗത്തിലെ അനുഛേദം 21 പൗരന്റെ ജീവിതാവകാശത്തെക്കുറിച്ചും വ്യക്തി സ്വാതന്ത്ര്യത്തെ കുറിച്ചുമാണ് ചർച്ച ചെയ്യുന്നത്. 'നിയമം സ്ഥാപിച്ചിട്ടുള്ള നടപടിക്രമത്തിലൂടെയല്ലാതെ ഒരു വ്യക്തിയുടെയും ജീവിതവും വ്യക്തി സ്വാതന്ത്ര്യവും ഹനിക്കപ്പെടാൻ പാടുള്ളതല്ല' എന്നാണ് 21-ാം അനുഛേദം പറയുന്നത്. സ്വകാര്യതയെ കുറിച്ച് നേരിട്ട് പറയുന്നില്ലെങ്കിലും അവയെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായിട്ടാണ് കോടതി വ്യാഖ്യാനിച്ചിരിക്കുന്നത്.

ആധാറുമായി ബന്ധപ്പെട്ട വിഷയത്തിൽ എങ്ങനെയാണ് പൗരന്റെ സ്വകാര്യത ലംഘിക്കപ്പെടുന്നതെന്ന ചോദ്യം പലരും ചോദിക്കാറുണ്ട്. ലോകത്തെ പല രാജ്യങ്ങളിലും വ്യക്തികളുടെ അടിസ്ഥാനവിവരങ്ങൾ രേഖപ്പെടുത്തുകയും ആ രേഖ അതീവ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. വ്യക്തികൾക്ക് അവരുടേതായ പല ആവശ്യങ്ങളും നേടുന്നതിനായി ഈ രേഖയുടെ അടിസ്ഥാനത്തിലുള്ള കാർഡുകൾ വിതരണം ചെയ്യാറുമുണ്ട്. ഇന്ത്യയിലും തുടക്കത്തിൽ ആധാർ പൊതുവിൽ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ആധാറിന്റെ പേരിൽ പൗരനിൽ നിന്നും നിർബന്ധപൂർവം ചോദിച്ചുവാങ്ങുന്ന വിവരങ്ങൾ സർക്കാർ തന്നെ ദുരുപയോഗം ചെയ്യുമെന്ന ആശങ്കകൾ രാജ്യത്തെ മതന്യൂനപക്ഷങ്ങളിൽ വളർന്നുവന്നിട്ടുണ്ട്. മാത്രമല്ല ആധാ

റിനായി ശേഖരിച്ച വിവരങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ, സേവന ദാതാക്കൾ എന്നിവരുടെ പക്കൽ നിന്ന് മൂന്നാം കക്ഷികൾക്ക് ചോരില്ലെന്നു സർക്കാരിന് ഉറപ്പു നൽകാൻ കഴിയുമോ, വിവരങ്ങൾ ചോരുന്നത് തടയാൻ ഏതെങ്കിലും സംവിധാനം ക്രമീകരിച്ചിട്ടുണ്ടോ തുടങ്ങിയ കോടതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ കേന്ദ്രസർക്കാരിന് കഴിഞ്ഞില്ല. ഇവിടെയാണ് ദുരൂഹത നിലനിൽക്കുന്നത്.

പുതിയ വിധിയുടെ പശ്ചാത്തലത്തിൽ ക്ഷേമപദ്ധതികൾക്ക് ആധാർ ഉപയോഗിക്കാമെന്നല്ലാതെ വ്യക്തികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റത്തിന് സാധിക്കുകയില്ല. ബയോമെട്രിക് ഡാറ്റകൾ അത്യധികം സംവേദനക്ഷമതയുള്ള രേഖകളാണ്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവ ജീവൻ പോലെ സൂക്ഷിക്കാനും സ്വകാര്യമായി വെക്കാനുമുള്ള അവകാശമുണ്ടെന്നാണ് വിധി വ്യക്തമാക്കുന്നത്. മൈക്രോസോഫ്റ്റ്, ഗൂഗ്ൾ, ഫേസ്ബുക്ക്, ആപ്പിൾ തുടങ്ങിയ കമ്പനികളും രാജ്യത്തെ മറ്റു സാങ്കേതിക കമ്പനികളുമെല്ലാം വ്യക്തികളുടെ വിവരങ്ങൾ സൂക്ഷിക്കുകയും കൈമാറുകയും ചെയ്യുന്ന സാഹചര്യം ഇതോടെ ഇല്ലാതാകുമെന്നാണ് നിരീക്ഷിക്കപ്പെടുന്നത്. വ്യക്തിയുടെ സ്വകാര്യതയ്ക്ക് മേലുള്ള ഒരു നിയന്ത്രണവും പാടില്ലെന്നുവരുമ്പോൾ ബീഫ്, മദ്യ നിരോധനങ്ങൾ വീണ്ടും ചോദ്യചിഹ്നമാവുകയാണ്. ബീഫ് നിരോധനം പൗരന്റെ ഭക്ഷണ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണെന്നു വരുമ്പോൾ നിരോധനം ഫലത്തിൽ ഇല്ലാതാവുകയും സർക്കാരിന്റെ നേരിട്ടുള്ള ബീഫ് റെയ്ഡുകൾക്ക് അറുതിയാവുകയും ചെയ്യുമെന്ന വാദഗതി ശക്തമാവുകയാണ്.

> **സ്വകാര്യത മനുഷ്യന്റെ ജന്മാവകാശമായിട്ടാണ് ഇസ്‌ലാം കാണുന്നത്. അപരന്റെ സ്വകാര്യതയിൽ ഇടപെടാൻ ഒരാൾക്കും ഇസ്‌ലാം അനുവാദം നൽകുന്നില്ല. കേവലം മനുഷ്യന്റെ അടിസ്ഥാന വിവരങ്ങളുമായി ബന്ധപ്പെട്ട ചർച്ചയാണ് സ്വകാര്യതയുമായി ബന്ധപ്പെട്ടു കടന്നുവരേണ്ടത്. പൗരന്റെ അടിസ്ഥാന വിവരങ്ങളുപയോഗിച്ച് പൗരന് തന്നെ അത്യാപത്തുകൾ വരുത്തുമോ എന്ന ആശങ്കയാണ് ഇപ്പോഴത്തെ സ്വകാര്യതാ വിവാദങ്ങളുടെ മർമ്മമെങ്കിൽ ഇസ്‌ലാം പൂർണ്ണമായ അർത്ഥത്തിൽ തന്നെ മനുഷ്യന് സ്വകാര്യത അനുവദിക്കുന്നുണ്ട്.**

സ്വകാര്യതയെ മനുഷ്യന്റെ ജന്മാവകാശമായിട്ടാണ് ഇസ്‌ലാം കാണുന്നത്. അപരന്റെ സ്വകാര്യതയിൽ ഇടപെടാൻ ഒരാൾക്കും ഇസ്‌ലാം അനുവാദം നൽകുന്നില്ല. കേവലം മനുഷ്യന്റെ അടിസ്ഥാന വിവരങ്ങളുമായി ബന്ധപ്പെട്ട ചർച്ചയാണ് സ്വകാര്യതയുമായി ബന്ധപ്പെട്ടു കടന്നുവരേണ്ടത്. പൗരന്റെ അടിസ്ഥാന വിവരങ്ങളുപയോഗിച്ച് പൗരന് തന്നെ അത്യാപത്തുകൾ വരുത്തുമോ എന്ന ആശങ്കയാണ് ഇപ്പോഴത്തെ സ്വകാര്യതാ വിവാദങ്ങളുടെ മർമമെങ്കിൽ ഇസ്‌ലാം പൂർണമായ അർഥത്തിൽ തന്നെ മനുഷ്യന് സ്വകാര്യത അനുവദിക്കുന്നുണ്ട്. അയാളുടെ സ്വകാര്യതയെ സ്വാംശീകരിക്കാനോ അതിൽ ഇടപെടാനോ മറ്റുള്ളവരെ ഇസ്‌ലാം അനുവദിക്കുന്നില്ല. ഇസ്‌ലാം അല്ലാഹുവിന്റെ നിയമങ്ങൾക്ക് ഒരു വ്യക്തിയെ സ്വയം വിധേയനായിത്തീരാനും അതുവഴി സ്വകാര്യതയിലും ദൈവികനിയമങ്ങൾക്ക് വിധേയനായിത്തീരാനും നിർബന്ധിക്കുന്നുണ്ട്. ഈ നിർബന്ധം ഒരിക്കലും മനുഷ്യൻ മനുഷ്യനുമേൽ അടിച്ചേൽപിക്കുന്നതല്ല. മനുഷ്യന്റെ സ്രഷ്ടാവിന്റെ അലംഘനീയമായ നിയമമാണത്. 1948ൽ ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ നടന്ന മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട 'റൈറ്റ് റ്റു പ്രൈവസി ആർട്ടിക്കിൾ' വരുന്നതിന്റെ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ വിശുദ്ധ ക്വുർആൻ സ്വകാര്യതയുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ മാനവസമൂഹത്തിനു കൈമാറിയിട്ടുണ്ട്.

മറ്റൊരാളുടെ സ്വകാര്യതയിലേക്ക് കടന്നുചെല്ലുന്നതിനു മുമ്പ് അയാളുടെ അനുമതി വാങ്ങുക നിർബന്ധമാണെന്ന് വിശുദ്ധ ക്വുർആൻ പറയുന്നു:

“ഹേ; സത്യവിശ്വാസികളേ, നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ ഇതു പറയുന്നത്. ഇനി നിങ്ങൾ അവിടെ ആരെയും കണ്ടെത്തിയില്ലെങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നത് വരെ നിങ്ങൾ അവിടെ കടക്കരുത്. നിങ്ങൾ തിരിച്ചുപോകൂ എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചുപോകണം. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിവുള്ളവനാകുന്നു” (ക്വുർആൻ 24:27,28).

തിന്മ പിറക്കാനുള്ള സാഹചര്യങ്ങളെ തടയുന്നതോടൊപ്പം മറ്റൊരാളുടെ

സ്വകാര്യതക്കുള്ള സംരക്ഷണം കൂടിയാണ് ഈ വചനം. അജ്ഞാനകാലഘട്ടത്തിൽ നിയന്ത്രണങ്ങളൊന്നുമില്ലാതെ വീടുകളുടെ ഉള്ളറകളിലും കിടപ്പറകളിലും അടുക്കളകളിലും മനുഷ്യർ യഥേഷ്ടം വിഹരിച്ചിരുന്നു. അത്തരം വിഹാരങ്ങൾ വരുത്തിവെക്കുന്ന കുഴപ്പങ്ങളും അസ്വാതന്ത്ര്യങ്ങളും വലുതായിരുന്നു. ഇസ്‌ലാം അവതരിപ്പിക്കപ്പെട്ടതോടെ മനുഷ്യന്റെ സ്വകാര്യത ആദരിക്കപ്പെടേണ്ടതാണെന്ന ഉത്കൃഷ്ടമായ കാഴ്ചപ്പാട് രൂപം കൊണ്ടു.

പ്രവാചകന്റെ സന്തത സഹചാരികളായ അനുചരന്മാർ പലപ്പോഴും പ്രവാചകന്റെ വീട്ടിൽ വരികയും സംസാരത്തിലും ഭക്ഷണത്തിലുമെല്ലാം പങ്കുചേരുകയും ചെയ്യുന്നത് സാധാരണമായിരുന്നു. പ്രവാചകനും അവരും തമ്മിലുള്ള ഊഷ്മളമായ ബന്ധം അങ്ങനെയായിരുന്നു. പക്ഷേ, അവിടെയും പ്രവാചകനും വീട്ടുകാർക്കും അവരുടെ സ്വകാര്യതയ്ക്ക് ഭംഗം വരുന്നുണ്ടെന്ന് വന്നപ്പോൾ അല്ലാഹു വിശ്വാസികളോട് പറഞ്ഞു:

"സത്യവിശ്വാസികളേ, ഭക്ഷണത്തിന് നിങ്ങളെ ക്ഷണിക്കുകയും നിങ്ങൾക്ക് സമ്മതം കിട്ടുകയും ചെയ്താലല്ലാതെ നബിയുടെ വീടുകളിൽ നിങ്ങൾ കടന്നു ചെല്ലരുത്. അത് പാകമാകുന്നത് നിങ്ങൾ നോക്കിയിരിക്കുന്നവരാകരുത്. പക്ഷേ, നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ കടന്ന് ചെല്ലുക. നിങ്ങൾ ഭക്ഷണം കഴിച്ചാൽ പിരിഞ്ഞു പോകുകയും ചെയ്യുക. നിങ്ങൾ വർത്തമാനം പറഞ്ഞ് രസിച്ചിരിക്കുന്നവരാവുകയും അരുത്. തീർച്ചയായും അതൊക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. എന്നാൽ നിങ്ങളോട് അത് പറയാൻ അദ്ദേഹത്തിന് ലജ്ജ തോന്നുന്നു. സത്യത്തിന്റെ കാര്യത്തിൽ അല്ലാഹുവിന് ലജ്ജ തോന്നുകയില്ല. നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്. അല്ലാഹുവിന്റെ ദൂതന് ശല്യമുണ്ടാക്കാൻ നിങ്ങൾക്ക് പാടില്ല" (ക്വുർആൻ 33:53).



ഒരു വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ, അതെത്ര പരിചയമുള്ളവരുടെയും ബന്ധുക്കളുടെതുമാണെങ്കിൽ പോലും സലാം പറയുകയും അനുമതി ചോദിക്കുകയും ചെയ്തുകൊണ്ടേ അവിടേക്ക് പ്രവേശിക്കാവൂ എന്ന് പ്രവാചകൻﷺ പഠിപ്പിച്ചു. ഒരു തവണ അനുമതി ചോദിച്ചിട്ട് മറുപടി ലഭിച്ചില്ലെങ്കിൽ മൂന്ന് തവണ ചോദിക്കാവുന്നതാണ്. എന്നിട്ടും മറുപടി ലഭിച്ചില്ലെങ്കിൽ മടങ്ങിപ്പോവുകയാണ് വേണ്ടതെന്നും അദ്ദേഹം നിർദേശിച്ചു.

"ഒരിക്കൽ ഒരാൾ പ്രവാചകനെ കാണാൻ വന്നു. 'ഞാനങ്ങോട്ട് കടക്കട്ടെ?' എന്ന് അദ്ദേഹം ചോദിച്ചു. പ്രവാചകൻ അദ്ദേഹത്തിന്റെ ഭൃത്യനോട് പറഞ്ഞു: 'നീ അയാൾക്ക് അനുമതി ചോദിക്കേണ്ട രൂപം പറഞ്ഞുകൊടുക്കുക6 'അസ്സലാമു അലൈകും' എന്ന് പറഞ്ഞ ശേഷം ഞാൻ അങ്ങോട്ട് പ്രവേശിക്കട്ടെയോ എന്നാണയാൾ ചോദിക്കേണ്ടത്. ഇത് കേട്ട അയാൾ അപ്രകാരം നബിയോട് അനുമതി ചോദിച്ചു" (അബൂദാവൂദ്).

സഅദ് ഇബ്നു ഉബാദ ﷺ പറയുന്നു: "ഒരിക്കൽ ഒരാൾ നബിയെ കാണാൻ വന്നുകൊണ്ട് അദ്ദേഹത്തിന്റെ വാതിലിനു നേരെ നിന്നു. ഇതുകണ്ട നബി അയാളോട് പറഞ്ഞു: 'ഇങ്ങനെയാണോ നിൽക്കേണ്ടത്? അനുമതി ചോദിക്കുന്നത് തന്നെ കണ്ണുകൾ കാരണമാണ്" (അബൂദാവൂദ്).

ഒരാൾ ഒരു വീടിന്റെ മുമ്പിലെത്തിയാൽ എപ്രകാരമാണ് നിൽക്കേണ്ടതെന്നു പോലും അദ്ദേഹം പഠിപ്പിച്ചു. വാതിൽ തുറക്കുന്നതോടെ അകത്തെ ദൃശ്യങ്ങൾ കാണാവുന്ന വിധത്തിൽ അഭിമുഖമായി നിൽക്കാതെ ഒരു വശത്തേക്ക് മാറി നിൽക്കുകയായിരുന്നു അദ്ദേഹത്തിന്റെ രീതി. വ്യക്തികളുടെ കുറ്റങ്ങളും കുറവുകളും അന്വേഷിക്കുന്നത് പോലും ഇസ്‌ലാം വിലക്കി. ഒരാൾ മറ്റൊരാളിൽ കാണുന്ന ദോഷങ്ങളും തിന്മകളും പ്രചരിപ്പിക്കാൻ പാടില്ലെന്നും പഠിപ്പിച്ചു. ദമ്പതികൾ അവർക്കിടയിലെ രഹസ്യങ്ങൾ സ്വകാര്യമാക്കണമെന്നു പ്രത്യേകം ഉപദേശിച്ചു. മറ്റുള്ളവരുടെ സ്വകാര്യതയ്ക്ക് എത്രമാത്രം പ്രാധാന്യമാണ് ഇസ്‌ലാം നൽകിയിട്ടുള്ളതെന്നു ഇതിൽ നിന്നെല്ലാം മനസ്സിലാക്കാം. ●

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ക്വുർആൻ പഠനം

# ആക്ഷേപങ്ങളെ ഭയപ്പെടാത്തവർ

**"സത്യവിശ്വാസികളേ, നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തിൽ നിന്ന് പിന്തിരിഞ്ഞ് കളയുന്ന പക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരും ആയ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ട് വരുന്നതാണ്. അവർ വിശ്വാസികളോട് വിനയം കാണിക്കുന്നവരും സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിലേർപ്പെടും. ഒരു ആക്ഷേപകന്റെ ആക്ഷേപവും അവർ ഭയപ്പെടുകയില്ല. അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അത് നൽകുന്നു. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവജ്ഞനുമത്രെ" (ക്വുർആൻ 5:54)**

ദൈവ കൽപനയുടെ നിർവഹണത്തിലെ വീഴ്ച കാരണം സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെട്ട് ഭൂമിയിലേക്ക് മാറിത്താമസിക്കേണ്ടതായി വന്നു ആദിപിതാവിനും മാതാവിനും. സ്വർഗലോകത്തേക്ക് തിരിച്ചെത്താൻ സ്രഷ്ടാവ് മനുഷ്യന് മുന്നിൽ കാലാകാലങ്ങളിൽ പ്രവാചകന്മാരിലൂടെ മാർഗദർദർശനം അവതരിപ്പിച്ചുകൊണ്ടേയിരുന്നു; അതാണ് ഇസ്‌ലാം.

സത്യമതത്തെ പിൻപറ്റുന്നവർക്ക് ഭയാശങ്കകളില്ലാതെ സ്വർഗലോകത്തിൽ തിരിച്ചെത്താം. ഈ പരിശ്രമത്തിൽ ഏർപ്പെടുന്നവരാണ് യഥാർഥ മുസ്‌ലിംകൾ. താൻ തിരിച്ചറിഞ്ഞ ഈ സത്യം തന്റെ സഹോദരങ്ങളായ മുഴുവൻ മനുഷ്യരും ജാതി, വർഗ ഭേദമന്യെ തിരിച്ചറിയണമെന്ന് അതിയായ ആഗ്രഹവും അതിനുവേണ്ടിയുള്ള പരിശ്രമവും മുസ്‌ലംകളുടെ ബാധ്യതയാണ്.

പ്രവാചകൻമാർ കൈമാറിവന്ന ഈ സത്യസന്ദേശ പ്രചാരണം കാലാകാലങ്ങളിൽ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ ലോകത്തെമ്പാടുമുള്ള മുസ്‌ലിംസമൂഹം നിർവഹിച്ചുപോന്നു. ഇന്നും ഈ പ്രബോധന സംരംഭം തുടർന്നുകൊണ്ടിരിക്കുന്നു.

മുസ്‌ലിമിന്റെ വിശ്വാസപ്രമാണങ്ങൾ അവനെ പഠിപ്പിക്കുന്നത് ഇസ്‌ലാമിന്റെ വഴിയിലേക്ക് ഒരാളുടെ മനസ്സിന് തുറവിയുണ്ടാക്കിക്കൊടുക്കുന്നത് ലോകരക്ഷിതാവായ അല്ലാഹുവാണ് എന്നതത്രെ. അതിനാവശ്യമായ ചില ഭൗതിക ക്രമീകരണങ്ങൾ ചെയ്തുകൊടുക്കൽ മുസ്‌ലിമിന്റെ പാരത്രിക ജീവിതം മുൻ നിർത്തിയുള്ള ബാധ്യത മാത്രം.

സത്യമതത്തെ പരിചയപ്പെടുത്തിയ ഘട്ടങ്ങളിലെല്ലാം ഇരുട്ടിനെ ഇഷ്ടപ്പെടുന്ന, വെളിച്ചത്തെ ഭയക്കുന്ന അധർമത്തിന്റെ ആളുകൾ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. മനുഷ്യരിൽ ഏറ്റവും ഉന്നതരായി ജീവിച്ചിട്ടും തുല്യതയില്ലാത്ത ആക്രമണങ്ങൾക്കും വേട്ടയാടലുകൾക്കും പ്രവാചകന്മാരും അനുചരന്മാരും വിധേയരായിട്ടുണ്ട്. ഈ ബോധ്യങ്ങളിൽ നിന്നു തന്നെയാണ് ഓരോ സത്യവിശ്വാസിയും ഇസ്‌ലാമിനെ പരിചയപ്പെടുത്താനുള്ള ചെറുതും വലുതുമായ ഓരോ ദൗത്യവും ഏറ്റെടുക്കാനുള്ളത്. ഒരാളും നരകത്തിൽ പ്രവേശിക്കരുതെന്നും എല്ലാവരും സ്വർഗാവകാശികളായിത്തീരണമെന്നുമുള്ള ആഗ്രഹം വെച്ചുപുലർത്തുന്നവരാണ് മുസ്‌ലിംകൾ. അതുകൊണ്ടാണ് അവർ നന്മ കൽപിക്കുന്നതും തിന്മ വിരോധിക്കുന്നതും.

എന്നാൽ ഇരുട്ടിന്റെ ശക്തികൾ ഇതിനെ തളർത്താൻ ശ്രമിക്കും എന്നതിൽ തർക്കമില്ല. ഉള്ളിൽ നിന്നും പുറത്തുനിന്നും തളർത്തലുകൾ ഉണ്ടാകാം. പരസ്യമായും രഹസ്യമായും ഉണ്ടാകാം. ദേഹോപദ്രവവും മാനസിക പീഡകളും ഏറ്റുവാങ്ങേണ്ടി വന്നേക്കാം.


എല്ലാത്തിലുമുപരി സർവശക്തനും അളവറ്റ ദയാപരനുമായ അല്ലാഹുവിന്റെ അനുഗ്രഹം പ്രതീക്ഷിച്ച് അവന്റ മാർഗത്തിൽ മുന്നോട്ടുപോകാൻ തീരുമാനിച്ചവരെ ആർക്കാണ് തടഞ്ഞുനിർത്താൻ സാധിക്കുക? ഈ ലോകം നശ്വരമാണെന്നും അനശ്വരവും അമരത്വവും ലഭിക്കുന്ന പാരത്രിക ലോകമാണ് തന്റെ പരമമായ ലക്ഷ്യമെന്നും ഉറച്ചു വിശ്വസിക്കുന്നവനെ മരണത്തിന്റെ ഉടുക്കു കൊട്ടി പേടിപ്പിക്കാൻ ആവുമോ? അദ്വിതീയനും ഏകനുമായ ലോകത്തിന്റെ സ്രഷ്ടാവിനെ ഭരമേൽപിച്ചവന്, ഭൗതികലോകത്തെ നിസ്സാരമായി കാണുന്നവന്റെ മുമ്പിൽ ഇതെല്ലാം എത്രയോ ചെറിയ തടസ്സങ്ങളാണ്.

നന്മയുടെ ഈ സ്വച്ഛമായ പ്രവാഹം നിലയ്ക്കാതെ തുടരുക തന്നെ ചെയ്യും. നാം ഇതിലെ ഒരു തുള്ളിയായി മാറുന്നുണ്ടോ എന്ന ശ്രദ്ധ ഉണ്ടാവുക. കരയിലേക്കു മാറിനിന്നാൽ കുതിച്ചൊഴുകുന്ന ജലത്തിലെ ഒരു തുള്ളിയായി മാറാൻ നമുക്ക് സാധിക്കാതെ വരും എന്നതല്ലാതെ മറ്റെന്താണ് ഉണ്ടാവുക?! ●

തൻവീൽ
mail@nerpatham.com

ബാലപഥം

പുനരാഖ്യാനം



# ആദ്യം സ്വയം മാറുക

പണ്ട് ദിൽമുൻ എന്ന ഒരു സ്ഥലമുണ്ടായിരുന്നു. അവിടുത്തെ ഭരണാധികാരിയായിരുന്നു അബൂമുഇസ്സ്. സുഖാഡംബരങ്ങളിൽ മുഴുകി ജീവിച്ചിരുന്ന രാജാവ് നാടിന്റെ വളർച്ചയിലോ ജനങ്ങളുടെ ക്ഷേമത്തിലോ ശ്രദ്ധാലുവായിരുന്നില്ല.

സന്ധ്യയായാൽ വിഭവ സമൃദ്ധമായ വിരുന്നൊരുക്കി കൂട്ടുകാരെ ക്ഷണിച്ചുവരുത്തിയുള്ള ആഘോഷത്തിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ. പുലരുംവരെ നീളുന്ന സൽക്കാരം കഴിഞ്ഞാൽ പകൽ മുഴുവൻ ഉറക്കവും! ഇതിനിടയിൽ നാട്ടിലെ പ്രശ്നങ്ങൾ അറിയാനോ അതിനുള്ള പരിഹാരം നിർദേശിക്കാനോ അദ്ദേഹത്തിന് സമയം ലഭിക്കാതെയായി.

അബൂമുഇസ്സ് രാജാവിന്റെ മന്ത്രിയായിരുന്നു അബൂയഹ്യ. നാടിന്റെ ഈ അവസ്ഥയിൽ വളരെയധികം ആകുലനായിരുന്നു അദ്ദേഹം. ഒരു വൈകുന്നേരം മന്ത്രി അബൂയഹ്യ രാജാവിനെ ചെന്നു കണ്ട് നാടിന്റെ നിലവിലുള്ള അവസ്ഥയും നാട്ടുകാരുടെ ദുരിതവുമെല്ലാം അറിയിച്ചു. കാര്യങ്ങൾ നേരിൽ കണ്ട് ബോധ്യപ്പെടാൻ ചക്രവർത്തി തന്റെ രാജ്യത്തെ എല്ലാ സ്ഥലങ്ങളും സന്ദർശിക്കാനും ജനങ്ങളുടെ ക്ഷേമമന്വേഷിക്കാനും തീരുമാനിച്ചു. മന്ത്രി അബൂയഹ്യ പറഞ്ഞ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കാൻ മന്ത്രിയെയും കൂട്ടി വേഷപ്രച്ഛന്നനായി നാട്ടിലിറങ്ങാനായിരുന്നു തീരുമാനം.

രണ്ട് മൂന്ന് ദിവസം തുടർച്ചയായി തന്റെ നാടിന്റെ വ്യത്യസ്ത പ്രദേശങ്ങളിലൂടെ യാത്ര ചെയ്ത രാജാവിന് തന്റെ നാട്ടിന്റെ യഥാർഥ സ്ഥിതി മനസ്സിലായി. അതിലുപരി തുടർച്ചയായി ദുഷ്ക്കരമായ വഴികളിലൂടെയുള്ള യാത്ര രാജാവിനെ വല്ലാതെ തളർത്തി. പാദം വിണ്ടുകീറി, മുറിവുണ്ടായി.

യാത്ര കഴിഞ്ഞ് വിശ്രമത്തിനു ശേഷം അടുത്ത ദിവസം രാജാവ് ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ പൊതുവായ വികസനത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചു. പദ്ധതികളിൽ വളരെ പ്രധാനപ്പെട്ട ഒന്ന് നാട്ടിലെ പ്രധാന വഴികളിലെല്ലാം ലെതർ വിരിക്കുക എന്നതായിരുന്നു.

നാടിന്റെ വികസനത്തിന്റെ ഭാഗമായി രാജാവ് പ്രഖ്യാപിക്കാനിരിക്കുന്ന തീരുമാനം ഖജനാവ് കാലിയാക്കുന്നതാണെന്ന് മന്ത്രി വിശദീകരിച്ചു.

“മന്ത്രീ, താങ്കൾ പറയുന്നതു പോലെ വളരെയധികം ചെലവേറിയതാണ് വഴികളിൽ ലെതർ വിരിക്കുകയെന്നത്. പക്ഷേ, താങ്കൾ ഇത് നോക്കൂ. വെറും മൂന്ന് നാല് ദിവസം മാത്രമെ നാം ഈ വഴികളിലൂടെ നടന്നിട്ടുള്ളൂ. അപ്പോഴേക്കും നമ്മുടെ കാൽപാദങ്ങൾ... ദാ കണ്ടില്ലേ...? വിണ്ടുകീറിയിരിക്കുന്നു. അത് കൊണ്ട് തന്നെ നാം ഈ തീരുമാനത്തിൽ നിന്നും പിറകോട്ടില്ല” രാജാവ് പ്രഖ്യാപിച്ചു.

മന്ത്രി അദ്ദേഹത്തോട് പറഞ്ഞു: “പ്രഭോ, വഴികൾ മുഴുവനും വീതികൂട്ടുകയും നന്നാക്കുകയും ചെയ്യേണ്ടതുണ്ട്. കാലിന് പരിക്കേൽക്കാതിരിക്കാൻ മുന്തിയ ചെരുപ്പ് ഉണ്ടാക്കിയാൽ പോരേ?” അപ്പോഴാണ് രാജാവിന് തന്റെ ബുദ്ധിയില്ലായ്മ മനസ്സിലായത്.

ലോകം മുഴുവൻ മാറിയെങ്കിലേ സ്വന്തത്തിന് ഏൽക്കുന്ന മുറിവുകളിൽ നിന്ന് രക്ഷകിട്ടുകയുള്ളൂഎന്ന ധാരണ അബദ്ധമാണെന്ന തിരിച്ചറിവ് അപ്പോഴാണ് രാജാവിനുണ്ടായത്. അതോടൊപ്പം നാം സ്വയം മാറിയാൽ ലോകം മുഴുവൻ മാറ്റിയെടുത്ത അനുഭൂതി ലഭിക്കുമെന്നും മന്ത്രിക്ക് രാജാവിനെ ബോധ്യപ്പെടുത്താനായി.

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം



# സ്വർഗത്തിൽ ഒരു അയൽവാസി



ഒരിക്കൽ ഒരു സുൽത്താൻ പട്ടണത്തിലൂടെ നടക്കുകയായിരിന്നു. തന്നെ ആരും തിരിച്ചറിയാതിരിക്കാനായി വേഷം മാറിയായിരുന്നു യാത്ര. കൂടെ ഭൃത്യനുമുണ്ട്. തന്റെ ഭരണത്തെക്കുറിച്ച് ജനങ്ങൾ എന്തെല്ലാം പറയുന്നു എന്നറിയലായിരുന്നു സുൽത്താന്റെ ലക്ഷ്യം.

മഞ്ഞ് വീഴുന്ന കാലമാണ്. കഠിനമായ തണുപ്പുണ്ട്. വഴിയരികിൽ കണ്ട ചെറിയ ഒരു പള്ളിയിൽ സുൽത്താൻ പ്രവേശിച്ചു. പള്ളിയുടെ ഒരു മൂലയിൽ വിറച്ചുകൊണ്ട് രണ്ട് സാധു മനുഷ്യന്മാർ ഇരിക്കുന്നുണ്ടായിരുന്നു. സ്വന്തക്കാരും സ്വന്തമായി വീടും ഇല്ലാത്തതിനാൽ പള്ളിയിൽ തന്നെയാണ് അവരുടെ താമസം. സുൽത്താൻ അവരെ സമീപിച്ചു. അന്നേരം ഒരാൾ കൂട്ടുകാരനോട് തമാശ രൂപത്തിൽ ഇങ്ങനെ പറയുന്നത് സുൽത്താൻ കേട്ടു: “ഞാൻ മരിച്ചു കഴിഞ്ഞ് സ്വർഗത്തിലെത്തിയാൽ അതിൽ പ്രവേശിക്കാൻ സുൽത്താനെ ഞാൻ സമ്മതിക്കില്ല. കവാടത്തിൽവെച്ച് ഞാൻ അദ്ദേഹത്തെ തടയും.”

“അതെന്തിനാ സുഹൃത്തേ?” കൂട്ടുകാരൻ ചോദിച്ചു.

“നമ്മൾ ഇവിടെ തണുത്തു വിറച്ച് ഇരിക്കുന്നു. നമുക്ക് സ്വന്തമായി വീടില്ല. അദ്ദേഹമാകട്ടെ ഇപ്പോൾ തന്റെ കൊട്ടാരത്തിൽ ചൂടേറ്റ് സുരക്ഷിതനായി കഴിയുകയാണ്. നമ്മെ പോലുള്ളവരുടെ അവസ്ഥ കണ്ടറിയുവാനും പ്രയാസങ്ങൾ തീർത്തുതരുവാനും അദ്ദേഹത്തിന് സമയമില്ല. പിന്നെ എങ്ങനെ ഞാൻ സ്വർഗത്തിൽ എന്റെ അയൽക്കാരനാക്കും?”

തമാശ ആസ്വദിച്ചുകൊണ്ട് രണ്ടുപേരും ഉറക്കെ ചിരിച്ചു. സുൽത്താൻ അവരോട് ഒന്നും ചോദിക്കാതെ നമസ്കാരം നിർവഹിച്ച് സ്ഥലംവിട്ടു.

പിറ്റേ ദിവസം സുൽത്താന്റെ ഭടന്മാർ ചെന്ന് ആ രണ്ട് മനുഷ്യരെയും കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. രണ്ടു പേരും പേടിച്ചരണ്ടുപോയി. എന്തിനാണാവോ സുൽത്താൻ വിളിപ്പിച്ചത്? തങ്ങൾ ഇന്നലെ പറഞ്ഞ തമാശ സുൽത്താന്റെ ചെവിയിലെത്തിയോ? എന്ത് ശിക്ഷയാണാവോ ലഭിക്കാൻ പോകുന്നത്!

എന്നാൽ സുൽത്താൻ രണ്ടുപേരെയും സന്തോഷത്തോടെയാണ് സ്വീകരിച്ചത്. കൊട്ടാരത്തിലെ ആഡംബരപൂർണമായ ഒരു മുറിയിലേക്ക് സുൽത്താൻ അവരെ കൂട്ടിക്കൊണ്ടു പോയി.

“ഇനി മുതൽ നിങ്ങൾക്കിവിടെ സുഖമായി കഴിയാം. ഇഷ്ടമുള്ളത് തിന്നാനും കുടിക്കാനും ലഭിക്കും. തണുപ്പ് സഹിക്കേണ്ടിവരില്ല. സ്വർഗത്തിൽ നിങ്ങളുടെ അയൽവാസിയാകാൻ എനിക്ക് യോഗ്യത വേണം. നിങ്ങൾ എനിക്കു വേണ്ടി പ്രാർഥിക്കണം.”

സുൽത്താന്റെ ഈ വാക്കുകൾ കേട്ട് രണ്ടു പേരും ഞെട്ടിത്തരിച്ചു. തങ്ങൾ തമാശയായി പറഞ്ഞ കാര്യങ്ങൾ സുൽത്താൻ അറിഞ്ഞിരിക്കുന്നു! അത് പറഞ്ഞയാൾ നിറകണ്ണുകളോടെ സുൽത്താനോട് പറഞ്ഞു:

“പ്രഭോ, മാപ്പാക്കണം. ഞാൻ തമാശയായി പറഞ്ഞതാണ്. സ്വർഗത്തിൽ ആർക്കും ആരെയും തടയാൻ കഴിയില്ലല്ലോ. അങ്ങനെയൊരു മനസ്സും അവിടെ ചെന്നാൽ ആർക്കുമുണ്ടാകില്ല.”

“അത് സാരമില്ല. നിങ്ങൾ എന്റെ കണ്ണു തുറപ്പിച്ചു. എനിക്കതിൽ സന്തോഷമേയുള്ളൂ.”

കൂട്ടുകാരേ, നാം നമ്മുടെ കഴിവിനനുസരിച്ച് മറ്റുള്ളവരെ സഹായിക്കാൻ തയ്യാറാവണം. “ആരെങ്കിലും ഒരു വിശ്വാസിയുടെ ഇഹലോകത്തെ പ്രയാസങ്ങളിൽ പെട്ട ഒരു പ്രയാസത്തിന് ആശ്വാസം നൽകിയാൽ അന്ത്യനാളിൽ അവന്റെ പ്രയാസങ്ങളിൽ പെട്ട ഒരു പ്രയാസത്തിൽനിന്ന് അല്ലാഹു അവനും ആശ്വാസം നൽകുന്നതാണ്” എന്ന നബിവചനം നാം ഓർത്തുവെക്കണം.



ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# ധിക്കാരികളെ നശിപ്പിച്ച പ്രളയം

പ്രബോധനം കൊണ്ട് ആളുകൾക്കിടയിൽ പ്രശ്നങ്ങൾ വർധിക്കുകയല്ലാതെ എന്ത് നേട്ടമാണുണ്ടാകുന്നത് എന്ന് ചോദിച്ച് പ്രബോധന പ്രവർത്തനത്തിൽ നിന്ന് പിന്മാറുന്നവർ അറിയുക; അല്ലാഹുവിങ്കൽ നിന്നും ദിവ്യബോധനം (വഹ്‌യ്) ലഭിക്കുന്ന, പാപ സുരക്ഷിതത്വമുള്ള, യുക്തി ദീക്ഷയുള്ള, ദൃഢവിശ്വാസമുള്ള, സത്യസന്ധതയും ആത്മാർഥതയും സൂക്ഷ്മതയുമുള്ള, നന്ദിയുള്ള അടിമയെന്ന് അല്ലാഹു വിശേഷിപ്പിച്ച ആദ്യ റസൂലായ നൂഹ്(عليه السلام) 950 വർഷം ജനങ്ങളെ സന്മാർഗത്തിലേക്ക് ക്ഷണിച്ചിട്ട് എത്ര പേർക്കാണ് മാറ്റം ഉണ്ടായത്? മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടോ ഇല്ലേ എന്നതല്ല ഒരു പ്രബോധകൻ നോക്കേണ്ടത്. അതിന് ആശിക്കണം, ആഗ്രഹിക്കണം, പ്രാർഥിക്കണം. അത്ര മാത്രം!

മാറ്റം കാണുന്നില്ലെന്ന് കണ്ട് പ്രബോധനം നിറുത്തലല്ല പ്രവാചകനായ നൂഹ്(عليه السلام)ന്റെ മാർഗം. മറിച്ച്, അതിൽ ഉറച്ചുനിന്ന് അത് തുടരുകയാണ് വേണ്ടത്. പ്രവാചകന്മാരിൽ വിശ്വാസിയായി ഒരാളെ പോലും ലഭിക്കാത്തവരുണ്ടെന്ന് പറയുമ്പോൾ എന്തിന് നാം ആളുകളുടെ എതിർപ്പിൽ സങ്കടപ്പെടണം? അല്ലാഹുവാണല്ലോ സന്മാർഗം നൽകുന്നവൻ. അവൻ ഉദ്ദേശിക്കുന്നവർക്കേ അത് നൽകൂ. പക്ഷേ, അത് ജനങ്ങളുടെ കാതുകളിൽ എത്തിക്കുക എന്ന ഉത്തരവാദിത്തം അത് ലഭിച്ചവർക്കുണ്ട്. എത്ര പേർ നമ്മുടെ പ്രവർത്തനം കാരണം ഹിദായത്തിലായി എന്ന് നാം ചോദിക്കപ്പെടുകയില്ല. എത്ര പേർക്ക് ഈ സന്ദേശം എത്തിച്ചു എന്ന് നാം ചോദിക്കപ്പെടും. ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് നമ്മിൽ ഏൽപിക്കപ്പെട്ടിട്ടുള്ളത്. നബിﷺ പിതൃവ്യൻ അബൂത്വാലിബിനോട് അദ്ദേഹം മരണാസന്നനായ സമയത്ത് സത്യസരണയിലേക്ക് കടന്നുവരാൻ അപേക്ഷിച്ചതും അദേഹം അത് നിരസിച്ചതും ചരിത്ര സത്യമാണ്. നബിﷺയെ ഏറെ വേദനിപ്പിച്ചതാണ് ആ സംഭവം. ഈ വിഷയത്തിൽ അല്ലാഹു പറയുന്നത് കാണുക:

"തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു"(28:56).

നബിമാർക്ക് പോലും അവർ ആഗ്രഹിക്കുന്നവരെയെല്ലാം സന്മാർഗത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല എന്നാണ് ചരിത്രം വ്യക്തമാക്കുന്നത്. എത്തിച്ചു കൊടുക്കലാണ് പ്രബോധകരുടെ ദൗത്യം. ജനങ്ങളിൽ ആദർശം അടിച്ചേൽപിക്കുവാൻ ഇസ്‌ലാം അനുമതി നൽകുന്നില്ല.

"അതിനാൽ (നബിയേ,) നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല. പക്ഷേ, വല്ലവനും തിരിഞ്ഞുകളയുകയും അവിശ്വസിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു അവനെ ഏറ്റവും വലിയ ശിക്ഷ ശിക്ഷിക്കുന്നതാണ്. തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ" (ക്വുർആൻ 88:21-26).

നൂഹ്ﷺ നൂറ്റാണ്ടുകളോളം ജനങ്ങളെ ഉദ്ബോധിപ്പിക്കുവാൻ പരിശ്രമിച്ചു. എന്നാൽ അദ്ദേഹത്തോട് അവർക്ക് നിഷേധം വർധിക്കുക മാത്രമാണുണ്ടായത്. ഇബനു കഥീർ‍ؒ പറയുന്നത് കാണുക:

"കാലത്തിന് ദൈർഘ്യം ഏറി. അദ്ദേഹത്തിനും അവർക്കുമിടയിലുള്ള തർക്കവും (കൂടി). അല്ലാഹു പറഞ്ഞത് പോലെ (അമ്പതുകൊല്ലം ഒഴിച്ചാൽ ആയിരം വർഷം തന്നെ അദ്ദേഹം അവർക്കിടയിൽ കഴിച്ചുകൂട്ടി. അങ്ങനെ അവർ അക്രമികളായിരിക്കെ പ്രളയം അവരെ പിടികൂടി). അതായത്; കാലം ദീർഘിച്ചു. എന്നാൽ അൽപം പേർ മാത്രമാണ് അവരിൽ നിന്ന് അദ്ദേഹത്തിൽ വിശ്വസിച്ചത്. ഓരോ തലമുറ കഴിഞ്ഞു പോകുമ്പോഴും അവർ ശേഷക്കാരിലേക്ക് നൂഹിൽ വിശ്വസിക്കരുതെന്നും, അവനോട് എതിർപ്പും സമരവും ഉണ്ടാവണമെന്ന് വസ്വിയ്യത്ത് നൽകുകയും ചെയ്യുമായിരുന്നു. പിതാവ് തന്റെ മകന് പ്രായപൂർത്തിയും അദ്ദേഹത്തിന്റെ സംസാരത്തെ കുറിച്ച് ചിന്തിക്കാനുള്ള പ്രായവുമായാൽ നൂഹിൽ ഒരിക്കലും വിശ്വസിക്കരുതെന്ന് അദ്ദേഹത്തിനും സന്താനത്തിനുമിടയിൽ ജീവിച്ചിരിക്കുന്ന കാലമത്രയും വസ്വിയ്യത്ത് നൽകുമായിരുന്നു. അവരുടെ സ്വഭാവം സത്യത്തെ പിന്തുടരുന്നതിനോടും വിശ്വാസത്തോട് വിസമ്മതമുള്ളതായിത്തീർന്നു. ഇതുകൊണ്ടാണ് അദ്ദേഹം (ഇപ്രകാരം) പറഞ്ഞത്: 'ദുർവൃത്തന്നും സത്യനിഷേധിക്കുമല്ലാതെ അവർ ജൻമം നൽകുകയുമില്ല.'

തന്റെ ജനതയിൽ നിന്ന് ഒരാളും ഇനി വിശ്വസിക്കില്ലെന്ന് അല്ലാഹുവിങ്കൽ നിന്ന് അറിയിപ്പ് കിട്ടുകയും, വളരെ കാലത്തെ പ്രബോധനം ജനങ്ങളിൽ പരിഹാസവും അഹങ്കാരവും അവിശ്വാസവും വർധിപ്പിക്കുകയല്ലാതെ ചെയ്യുന്നില്ലെന്ന് അദ്ദേഹത്തിന് മനസ്സിലാകുകയും ചെയ്ത ഘട്ടത്തിൽ അദ്ദേഹം അവർക്കെതിരിൽ പ്രാർഥിച്ചത് നാം കാണുകയുണ്ടായി. തുടർന്ന് അദ്ദേഹത്തോട് അല്ലാഹു കപ്പൽ നിർമിച്ചു. ആണികളും പലകകളും ഉപയോഗിച്ച് ലോകത്ത് ആദ്യമായി അല്ലാഹുവിങ്കൽ നിന്നും ലഭിക്കുന്ന നിർദേശപ്രകാരം അത് നിർമിച്ചു. നിർമാണം പൂർത്തിയായപ്പോൾ അല്ലാഹു അദ്ദേഹത്തെ ഇപ്രകാരം അറിയിച്ചു:

**അല്ലാഹുവിന്റെ ശിക്ഷയായി അടുപ്പുകളിൽ നിന്ന് വെള്ളം പൊട്ടി ഒഴുകുന്നത് കണ്ടാൽ നീ കപ്പലിൽ കയറണമെന്ന് അല്ലാഹു നൂഹ് ﷺനോട് കൽപിച്ചു. കപ്പലിൽ കയറുമ്പോൾ ഈ അഹങ്കാരികളും ധിക്കാരികളും ദുർമാർഗികളുമായ ജനതയിൽ നിന്ന് രക്ഷപ്പെടുത്തിയതിന് അല്ലാഹുവിനെ സ്തുതിക്കാനും അവനോട് പ്രാർഥിക്കാനുമായി നൂഹ് ﷺനോട് കൽപിക്കുകയും ചെയ്തു.**

"അങ്ങനെ നമ്മുടെ കൽപന വരുകയും അടുപ്പിൽ നിന്ന് ഉറവ് പൊട്ടുകയും ചെയ്താൽ എല്ലാ വസ്തുക്കളിൽ നിന്നും രണ്ട് ഇണകളെയും നിന്റെ കുടുംബത്തെയും നീ അതിൽ കയറ്റിക്കൊള്ളുക. അവരുടെ കൂട്ടത്തിൽ ആർക്കെതിരിൽ (ശിക്ഷയുടെ) വചനം മുൻകൂട്ടി ഉണ്ടായിട്ടുണ്ടോ അവരൊഴികെ. അക്രമം ചെയ്തവരുടെ കാര്യത്തിൽ നീ എന്നോട് സംസാരിച്ചു പോകരുത്. തീർച്ചയായും അവർ മുക്കി നശിപ്പിക്കപ്പെടുന്നതാണ്. അങ്ങനെ നീയും നിന്റെ കൂടെയുള്ളവരും കപ്പലിൽ കയറിക്കഴിഞ്ഞാൽ നീ പറയുക: അക്രമകാരികളിൽ നിന്ന് ഞങ്ങളെ രക്ഷിച്ച അല്ലാഹുവിന് സ്തുതി. എന്റെ രക്ഷിതാവേ, അനുഗൃഹീതമായ ഒരു താവളത്തിൽ നീ എന്നെ ഇറക്കിത്തരേണമേ. നീയാണല്ലോ ഇറക്കിത്തരുന്നവരിൽ ഏറ്റവും ഉത്തമൻ എന്നും പറയുക" (ക്വുർആൻ 23:27-29).

"അങ്ങനെ നമ്മുടെ കൽപന വരികയും അടുപ്പ് ഉറവപൊട്ടി ഒഴുകുകയും ചെയ്തപ്പോൾ നാം പറഞ്ഞു: എല്ലാ വർഗത്തിൽ നിന്നും രണ്ട് ഇണകളെ വീതവും നിന്റെ കുടുംബാംഗങ്ങളെയും അതിൽ കയറ്റികൊള്ളുക. (അവരുടെ കൂട്ടത്തിൽ നിന്ന്) ആർക്കെതിരിൽ (ശിക്ഷയുടെ) വചനം മുൻകൂട്ടി ഉണ്ടായിട്ടുണ്ടോ അവരൊഴികെ. വിശ്വസിച്ചവരെയും (കയറ്റികൊള്ളുക). അദ്ദേഹത്തോടൊപ്പം കുറച്ച് പേരല്ലാതെ വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല" (11:40).

അല്ലാഹുവിന്റെ ശിക്ഷയായി അടുപ്പുകളിൽ നി

ന്ന് വെള്ളം പൊട്ടി ഒഴുകുന്നത് കണ്ടാൽ നീ കപ്പലിൽ കയറണമെന്ന് അല്ലാഹു നൂഹ്ﷺനോട് കൽപിച്ചു. കപ്പലിൽ കയറുമ്പോൾ ഈ അഹങ്കാരികളും ധിക്കാരികളും ദുർമാർഗികളുമായ ജനതയിൽ നിന്ന് രക്ഷപ്പെടുത്തിയതിന് അല്ലാഹുവിനെ സ്തുതിക്കാനും അവനോട് പ്രാർഥിക്കാനുമായി നൂഹ്ﷺനോട് ഇപ്രകാരം കൽപിക്കുകയും ചെയ്തു.

"അക്രമകാരികളിൽ നിന്ന് ഞങ്ങളെ രക്ഷിച്ച അല്ലാഹുവിന് സ്തുതി. എന്റെ രക്ഷിതാവേ, അനുഗൃഹീതമായ ഒരു താവളത്തിൽ നീ എന്നെ ഇറക്കിത്തരേണമേ. നീയാണല്ലോ ഇറക്കിത്തരുന്നവരിൽ ഏറ്റവും ഉത്തമൻ."

വാഹനത്തിൽ യാത്രക്കായി കയറിയാൽ പ്രാർഥിക്കാൻ അല്ലാഹു നമ്മോടും ആജ്ഞാപിച്ചിട്ടുണ്ട്. പലരും ഈ കൽപനയെതൊട്ട് അശ്രദ്ധരാണെന്ന് മാത്രം. അല്ലാഹു പറയുന്നത് കാണുക:

"എല്ലാ ഇണകളെയും സൃഷ്ടിക്കുകയും നിങ്ങൾക്ക് സവാരി ചെയ്യാനുള്ള കപ്പലുകളും കാലികളെയും നിങ്ങൾക്ക് ഏർപെടുത്തിത്തരികയും ചെയ്തവൻ. അവയുടെ പുറത്ത് നിങ്ങൾ ഇരിപ്പുറപ്പിക്കാനും എന്നിട്ട് നിങ്ങൾ അവിടെ ഇരിപ്പുറപ്പിച്ചു കഴിയുമ്പോൾ നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹം നിങ്ങൾ ഓർമിക്കുവാനും, നിങ്ങൾ ഇപ്രകാരം പറയുവാനും വേണ്ടി: ഞങ്ങൾക്ക് വേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ! ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചെത്തുന്നവർ തന്നെയാകുന്നു" (43:12-14).

നബിﷺയോട് മദീനയിലേക്കുള്ള ഹിജ്റയുടെ വേളയിൽ ഇപ്രകാരം അല്ലാഹു പ്രാർഥിക്കുവാൻ കൽപിച്ചിരുന്നു: "എന്റെ രക്ഷിതാവേ, സത്യത്തിന്റെ പ്രവേശനമാർഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും സത്യത്തിന്റെ ബഹിർഗമനമാർഗത്തിലൂടെ നീ എന്നെ പുറപ്പെടുവിക്കുകയും ചെയ്യേണമേ. നിന്റെ പക്കൽ നിന്ന് എനിക്ക് സഹായകമായ ഒരു ആധികാരിക ശക്തി നീ ഏർപെടുത്തിത്തരികയും ചെയ്യേണമേ എന്ന് നീ പറയുകയും ചെയ്യുക" (17:80).

നൂഹ്ﷺ അല്ലാഹുവിന്റെ കൽപന പ്രകാരം പ്രാർഥിച്ചുവെന്ന് മാത്രമല്ല, കൂടെയുള്ളവരോട് പ്രാർഥിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

"അദ്ദേഹം (അവരോട്) പറഞ്ഞു: നിങ്ങളതിൽ കയറിക്കൊള്ളുക. അതിന്റെ ഓട്ടവും നിറുത്തവും അല്ലാഹുവിന്റെ പേരിലാകുന്നു. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്" (11:41).

കപ്പൽ സഞ്ചരിക്കുവാൻ തുടങ്ങുന്നതിന് മുമ്പും അത് നങ്കൂരമിടുമ്പോഴുമെല്ലാം അല്ലാഹുവിന്റെ നാമത്തിലായിരിക്കണം ആകേണ്ടതെന്ന് അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു.

അല്ലാഹു ആ ജനതയ്ക്ക് എങ്ങനെയാണ് ശിക്ഷ ഒരുക്കിയതെന്ന് കാണുക: "അപ്പോൾ കുത്തിച്ചൊരിയുന്ന വെള്ളവും കൊണ്ട് ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നു. ഭൂമിയിൽ നാം ഉറവുകൾ പൊട്ടിക്കുകയും ചെയ്തു. അങ്ങനെ നിർണയിക്കപ്പെട്ടു കഴിഞ്ഞ ഒരു കാര്യത്തിന്നായി വെള്ളം സന്ധിച്ചു" (54:11,12).

ശക്തമായ മഴ പെയ്യാൻ തുടങ്ങി. അങ്ങനെ അടുപ്പുകളിൽ നിന്ന് വരെ വെള്ളം ഉറവായി വരാൻ തുടങ്ങി. ചുരുക്കത്തിൽ, വിണ്ണിൽ നിന്നും മണ്ണിൽ നിന്നും വെള്ളം വന്നുതുടങ്ങി. അത് വലിയ പ്രളയമായി മാറി. പർവത തുല്യമായ തിരമാലകൾ ഉണ്ടായിത്തുടങ്ങി. അങ്ങനെ ആ വെള്ളത്തിലൂടെ നൂഹ്ﷺയും കൂടെയുള്ളവരും കപ്പലിൽ കയറി രക്ഷപ്പെട്ടു.

"പർവത തുല്യമായ തിരമാലകൾക്കിടയിലൂടെ അത് (കപ്പൽ) അവരെയും കൊണ്ട് സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. നൂഹ് തന്റെ മകനെ വിളിച്ചു. അവൻ അകലെ ഒരു സ്ഥലത്തായിരുന്നു. എന്റെ കുഞ്ഞുമകനേ, നീ ഞങ്ങളോടൊപ്പം കയറിക്കൊള്ളുക. നീ സത്യനിഷേധികളുടെ കൂടെ ആയിപ്പോകരുത് അവൻ പറഞ്ഞു: വെള്ളത്തിൽ നിന്ന് എനിക്ക് രക്ഷനൽകുന്ന വല്ല മലയിലും ഞാൻ അഭയം പ്രാപിച്ചുകൊള്ളാം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ കൽപനയിൽ നിന്ന് ഇന്ന് രക്ഷനൽകാൻ ആരുമില്ല; അവൻ കരുണ ചെയ്തവർക്കൊഴികെ. (അപ്പോഴേക്കും) അവർ രണ്ട് പേർക്കുമിടയിൽ തിരമാല മറയിട്ടു. അങ്ങനെ അവൻ മുക്കി നശിപ്പിക്കപ്പെട്ടവരുടെ കൂട്ടത്തിലായി" (11:42,43).

അവിശ്വാസിയായ മകനെ രക്ഷിക്കാൻ നൂഹ്നബിﷺക്ക് സാധിച്ചില്ല. പിന്നീട് ആ പിതാവും മകനും തമ്മിൽ കണ്ടിട്ടില്ല. മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് ക്വുർആൻ നമ്മോട് കൽപിക്കുന്നു. അവരെ സ്നേഹിക്കണം, ആദരിക്കണം. എന്നാൽ ക്വുർആൻ മാതാപിതാക്കളോട് നിങ്ങൾ മക്കൾക്ക് നന്മചെയ്യണമെന്ന് കടുത്ത സ്വരത്തിൽ പറഞ്ഞിട്ടില്ല. കാരണം അത് മാതാപിതാക്കളിൽ നിന്ന് സ്വമേധയാ ഉണ്ടാകും. മക്കൾ എത്ര വലുതായാലും അവരോട് നന്മ ചെയ്യാൻ അവർ തയ്യാറാകും.

മാതാപിതാക്കൾക്ക് പ്രായമാവുകയോ അല്ലെങ്കിൽ എനിക്ക് ഇനി എന്റെ ഉമ്മയുടെയോ ഉപ്പയുടെയോ ആവശ്യമില്ലെന്ന് തോന്നുകയോ ചെയ്യുമ്പോൾ മാതാപിതാക്കളോട് മക്കൾ ശബ്ദമുയർത്തിത്തുടങ്ങും. കർക്കശമായി സംസാരിക്കുക മാത്രമല്ല ചിലപ്പോൾ കൈ ഓങ്ങുകയും ചെയ്യും.

പിതാവിനും മകനുമിടയിൽ തിരമാല മറയിട്ടു എന്ന് പറഞ്ഞുവല്ലോ. പരസ്പരം കാണാതായി. അന്നേരം ഒരു പിതാവ് എന്ന നിലയിൽ നൂഹ്ﷺ ന് എത്രമാത്രം വിഷമം വന്നിട്ടുണ്ടാകും. ആ വിഷമം മനസ്സിലാക്കാൻ അദ്ദേഹം അല്ലാഹുവിനോട് നടത്തിയ പ്രാർഥന തന്നെ ധാരാളം:

"നൂഹ് തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് പറഞ്ഞു: എന്റെ രക്ഷിതാവേ, എന്റെ മകൻ എന്റെ കുടുംബാംഗങ്ങളിൽ പെട്ടവൻ തന്നെയാണല്ലോ. തീർച്ചയായും നിന്റെ വാഗ്ദാനം സത്യമാണുതാനും. നീ വിധികർത്താക്കളിൽ വെച്ച് ഏറ്റവും നല്ല വിധികർത്താവുമാണ്" (11:45).

### "മതപ്രബോധനം മൗലികാവകാശം"

# ആൾക്കൂട്ട ആക്രമണ അജണ്ടയെ ചെറുത്തു തോൽപിക്കണം: വിസ്ഡം ബഹുജന സമ്മേളനം

**കോ**ഴിക്കോട്: കേരളത്തെ കലാപഭൂമിയാക്കാൻ ആർ.എസ്.എസ് ആസൂത്രണം ചെയ്ത ആൾക്കൂട്ട ആക്രമണ അജണ്ടയെ കേരളത്തിലെ മതനിരപേക്ഷ സമൂഹം ഒറ്റക്കെട്ടായി ചെറുത്ത് തോൽപിക്കണമെന്ന് വിസ്ഡം ബഹുജന സമ്മേളനം ആവശ്യപ്പെട്ടു.

എറണാകുളം വടക്കേക്കര ഏരിയയിൽ വിസ്ഡം പ്രബോധകർക്കു നേരെയുണ്ടായ ഫാഷിസ്റ്റ് കയ്യേറ്റത്തെ ജനകീയമായി നേരിടാൻ മത-സാംസ്കാരിക-രാഷ്ട്രീയ സംഘടനകളും വാർത്താ മാധ്യമങ്ങളും ശക്തമായി രംഗത്തെത്തിയത് മതനിരപേക്ഷ നിലപാടും ഫാഷിസ്റ്റ് വിരുദ്ധ ഐക്യനിരയും ശക്തിപ്പെടാൻ കാരണമായതായി സമ്മേളനം അംഗീകരിച്ച പ്രമേയം വ്യക്തമാക്കി.

ഭരണഘടനാദത്തമായ മൗലികാവകാശങ്ങളെയും ജനാധിപത്യ മൂല്യങ്ങളെയും ധ്വംസിക്കുകയും ആൾക്കൂട്ട ആക്രമണങ്ങളുടെ ഭീകരതയിലൂടെ ഭീതി പരത്തുകയും ചെയ്യുന്ന സംഘ്പരിവാർ ഫാഷിസ്റ്റ് ശക്തികൾക്ക് മുമ്പിൽ അടിയറവ് പറഞ്ഞാൽ ഇന്ത്യ ഇല്ലാതാകും.

ഫാഷിസത്തിനു വഴങ്ങിക്കൊടുക്കണമെന്ന ഒത്തുതീർപ്പ് സന്ദേശങ്ങൾ ഭരണഘടനയുടെ സംരക്ഷകരാവേണ്ടവരിൽ നിന്നും ഉണ്ടായിക്കൂടാത്തതാണ്. രാജ്യമെമ്പാടും വർഗീയ ശക്തികൾ അഴിഞ്ഞാട്ടം നടത്തുമ്പോൾ അതിനൊരപവാദമായി നിലകൊണ്ട കേരളം ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് ജാതി മത രാഷ്ട്രീയ ചിന്തകൾക്കതീതമായ പ്രതിരോധം തീർക്കാൻ കൂടുതൽ കരുത്തോടെ ഒന്നിക്കുകയാണ് വേണ്ടത്.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ കേരളീയ നവോത്ഥാനത്തിന് മഹത്തായ സംഭാവനകളർപ്പിച്ച മുജാഹിദ് പ്രസ്ഥാനത്തിന്റെ തുടർച്ചയെന്നോണം ഇസ്‌ലാമികാദർശങ്ങളിൽ ഉറച്ചുനിന്നു കൊണ്ട് രാജ്യനിയമങ്ങൾ മാനിച്ച് പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്.

ഇസ്‌ലാമിനെക്കുറിച്ച് പ്രചരിക്കുന്ന തെറ്റിദ്ധാരണകൾ നീക്കാനും വർഗീയ ധ്രുവീകരണത്തെ തടയാനും സൗഹാർദ സന്ദേശങ്ങൾ പ്രചരിപ്പിക്കാനും ലക്ഷ്യം വച്ച് സംഘടിപ്പിച്ച പ്രചരണങ്ങൾക്കിടെ പറവൂറിനടുത്ത വടക്കേക്കരയിൽ സംഭവിച്ച ആക്രമണങ്ങളും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായ അന്യായങ്ങളും കേരളീയ പാരമ്പര്യത്തിന് നിരക്കാത്തതായി. എന്നാൽ ഇക്കാര്യത്തിൽ കേരളീയ സമൂഹം ഒന്നടങ്കം മതനിരപേക്ഷ മൂല്യങ്ങൾക്കൊപ്പം നിന്നത് പ്രതീക്ഷാജനകമാണ്.

താൻ ചെയ്ത തെറ്റിന്റെ പേരിൽ ഗുർമീത് റാം റഹീം എന്ന 'മനുഷ്യദൈവ'ത്തിന്റെ ശിക്ഷ കോടതി പ്രഖ്യാപിച്ചതിനെത്തുടർന്നു ഉത്തരേന്ത്യയിലുണ്ടായ കൊലപാതകങ്ങളും കലാപങ്ങളും വ്യാജ ആത്മീയത സൃഷ്ടിക്കുന്ന ദുരന്തത്തിന്റെ ആഴമാണ് ബോധ്യപ്പെടുത്തുന്നത്-ഭരണകൂടവും രാഷ്ട്രീയ കക്ഷികളും ഇത്തരം സാമൂഹ്യ ദ്രോഹികളെ തലോടുന്ന നിലപാട് തുടർന്നാൽ രാജ്യം കനത്ത വില നൽകേണ്ടി വരും.

വ്യാജ ആത്മീയതക്കും വർഗീയ-തീവ്രവാദ നിലപാടുകൾക്കുമെതിരെ ശക്തമായ പ്രചാരണ പരിപാടികൾ വിസ്ഡം സംഘടിപ്പിക്കുമെന്ന് നേതാക്കൾ പ്രഖ്യാപിച്ചു."മതപ്രബോധനം മൗലികാവകാശം"എന്ന പ്രമേയത്തിൽ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ കോഴിക്കോട് മുഹമ്മദലി കടപ്പുറത്ത് സംഘടിപ്പിച്ച ഫാഷിസത്തിനെതിരെ മതനിരപേക്ഷബഹുജന സമ്മേളനം അക്ഷരാർഥത്തിൽ ജനസാഗരമായി മാറി.

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

നല്ല മനസ്സും നല്ല മനുഷ്യനും: 11



# ഹൃദയത്തെ ശുദ്ധീകരിക്കുക

**വ്യ**ക്തി വിശുദ്ധിയിലൂടെയല്ലാതെ ഇഹലോകവും പരലോകവും വിജയകരമാക്കിത്തീർക്കാൻ സാധ്യമല്ല. ഹൃദയ വിശുദ്ധിയിലൂടെയല്ലാതെ വ്യക്തി വിശുദ്ധിയും സാധ്യമല്ല. ഹൃദയമാണ് എല്ലാം. ഈമാനിന്റെ പ്രകാശവും സമാധാനവും ശാന്തിയും ഭയഭക്തിയും നൈർമല്യവും കീഴ്‌വണക്കവുമൊക്കെയാണ് അതിൽ ഉണ്ടാകേണ്ടത്.

ശുദ്ധമായ മനസ്സ് പിഴച്ച വിശ്വാസങ്ങളിൽ നിന്നും ആസ്വാദന വൈകാരിതകളിൽ നിന്നും മുക്തമായിരിക്കും. സൽകർമങ്ങളിലേക്ക് ചായുന്നതായിരിക്കും. ഹൃദയവിശുദ്ധിയുടെ പ്രതിഫലനങ്ങൾ ശരീരത്തിലുണ്ടാകും. ശുദ്ധത ഹൃദയത്തിന്റെ പ്രകൃതിയാണ്. തിന്മകളും അതിന്റെ ഇരുട്ടുകളും ഈ ശുദ്ധതയെ മലിനമാക്കും. അങ്ങനെയാണ് ഹൃദയത്തിന് രോഗം ബാധിക്കുന്നത്. എന്തൊരു ലക്ഷ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെടുവാൻ അത് നിർവഹിക്കുവാൻ ഹൃദയത്തിന് സാധ്യമല്ലാതെവരും. അറിവ്, യുക്തി, ജ്ഞാനം, അല്ലാഹുവോടുള്ള സ്നേഹം, അവനുള്ള ആരാധന, അവന്റെ സ്മരണയിലുള്ള ആസ്വാദനം, മറ്റെന്തിനെക്കാളും ആ സ്മരണക്ക് പ്രാമുഖ്യം നൽകൽ... ഇതൊക്കെ നല്ല ഹൃദയത്തിൽ നിന്നുണ്ടാകും. എന്നാൽ രോഗം ബാധിച്ചതാണെങ്കിൽ അത് ചത്തതുപോലെ ആയിത്തീരുകയും ചെയ്യും.

ശരീരത്തിനു ബാധിക്കുന്ന രോഗത്തെക്കാൾ അപകടകരവും പര്യവസാനം മോശമായതുമാണ് ഹൃദയത്തിനു ബാധിക്കുന്ന രോഗം. ശരീരത്തിന്റെ രോഗത്തിലൂടെ ഇഹലോകമെ നഷ്ടപ്പെടുകയുള്ളൂ. ഹൃദയത്തിന്റെ രോഗത്തിലൂടെ പരലോകമാണ് നഷ്ടപ്പെടുന്നത്. കാപട്യത്തിന്റെയും സത്യനിഷേധത്തിന്റെയും രോഗമാണ് ഏറ്റവും ഗൗരവകരം. അത് പിടിപെട്ടാൽ പിന്നെ വർധിച്ചുവരികയേയുള്ളൂ.

"അവരുടെ മനസ്സുകളിൽ ഒരുതരം രോഗമുണ്ട്. തന്നിമിത്തം അല്ലാഹു അവർക്ക് രോഗം വർധിപ്പിക്കുകയും ചെയ്തു. കള്ളം പറഞ്ഞുകൊണ്ടിരുന്നതിന്റെ ഫലമായി വേദനയേറിയ ശിക്ഷയാണ് അവർക്കുണ്ടായിരിക്കുക" (ക്വുർആൻ 2:10).

ഹൃദയത്തെ ബാധിക്കുന്ന രോഗമാണ് മറ്റു തിന്മകളിലേക്ക് എത്തിക്കുക:

"പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമനിഷ്ഠ പാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയ സ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞു കൊള്ളുക" (33:32).

പ്രത്യക്ഷവും പരോക്ഷവുമായ സകല തിന്മകളെയും ഒഴിവാക്കാനാണ് അല്ലാഹുവിന്റെ കൽപന: "പാപത്തിൽ നിന്ന് പ്രത്യക്ഷമായതും പരോക്ഷമായതും നിങ്ങൾ വെടിയുക. പാപം സമ്പാദിച്ച് വെക്കുന്നവരാരോ അവർ ചെയ്ത് കൂട്ടുന്നതിന് തക്ക പ്രതിഫലം തീർച്ചയായും അവർക്ക് നൽകപ്പെടുന്നതാണ്" (ക്വുർആൻ 6:120).

"(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞ് കേൾപിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കചേർക്കരുത്. മാതാപിതാക്കൾക്ക് നൻമചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം തരുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ച് പോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചുകളയരുത്. നിങ്ങൾ ചിന്തിച്ച് മനസ്സിലാക്കുവാൻ വേണ്ടി. അവൻ (അല്ലാഹു) നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (ക്വുർആൻ6:151).

ഹൃദയത്തെ ശുദ്ധീകരിക്കലും അതിനെ പൂർവ സ്ഥിതിയിലേക്ക് മടക്കലുമാണ് ആന്തരികമായ തക്വ്വ(സൂക്ഷ്മത). ബാഹ്യമായ തക്വയാകട്ടെ അവയവങ്ങളെ തിന്മയിൽ നിന്ന് മാറ്റിനിർത്തലുമാണ്. ഇതിനെ സംബന്ധിച്ച് ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ അവയവങ്ങളുടെ ശുദ്ധീകരണത്തിന്റെ അടിസ്ഥാനം ഹൃദയത്തിന്റെ ശുദ്ധീകരണമാണ്. അല്ലാഹുവിന്റെ കാരുണ്യം ലഭിച്ചവനല്ലാതെ ഹൃദയരോഗങ്ങളിൽ നിന്ന് രക്ഷപ്പെടുകയില്ല.

സ്വന്തം തിന്മകളെ സ്വയം തിരിച്ചറിയുക എന്നതാണ് ഹൃദയ ശുദ്ധീകരണത്തിന്റെ ഒന്നാമത്തെ ഘട്ടം. തിന്മയെ തിന്മയായി കാണാത്തവർക്ക് അതിന് കഴിയില്ല. അറിവുള്ളവരോട് ചോദിച്ചു കൊണ്ടോ ആത്മാർഥ സുഹൃത്തിന്റെ സഹായത്തോടെയോ ആണ് ന്യൂനതകൾ വിലയിരുത്തേണ്ടത്.

ഇത് ബോധ്യപ്പെട്ടുകഴിഞ്ഞാൽ സ്വന്തത്തെ ചികിത്സിക്കാൻ ശ്രമിക്കുക. സ്വയം നല്ലവനാണെന്നു കരുതി ചതിയിൽ കുടുങ്ങാതിരിക്കാൻ ഇതു നല്ലതാണ്. തന്നെക്കുറിച്ച് നല്ല ധാരണകൾ മാത്രം വെച്ച് നടന്നാൽ ഒരുപാട് ന്യൂനതകൾ മറച്ചുവെക്കേണ്ടി വരും. മാത്രവുമല്ല, സ്വയം തിന്മകളെ ന്യായീകരിക്കാനുള്ള പൈശാചിക തന്ത്രങ്ങളും മെനഞ്ഞു കൊണ്ടിരിക്കും.

ഈ മതം സത്യമതമാണ്. ജനങ്ങൾ ഐക്യത്തിലും സ്നേഹത്തിലും ഒത്തൊരുമയിലും നിൽക്കണമെന്നാഗ്രഹിക്കുന്ന മതം. പരസ്പര വിശ്വാസവും കാരുണ്യവുമാണ് അവർക്കിടയിൽ പ്രകടമായി നിൽക്കേണ്ടത്. വിനാശകരങ്ങളായ രോഗങ്ങളിൽ നിന്നും ഹൃദയങ്ങളെ ശുദ്ധീകരിക്കുമ്പോഴല്ലാതെ സമൂഹത്തിൽ ഈ ഒരു സമാധാനത്തിന്റെ അവസ്ഥ ഒരിക്കലും ഉണ്ടാക്കിയെടുക്കാനാവില്ല.


സ്വന്തത്തെ എല്ലാറ്റിനെക്കാളും വലുതായിക്കണ്ട് മറ്റുള്ളതിനെയെല്ലാം നിസ്സാരമാക്കി നടക്കുന്ന ഒരു ഹൃദയത്തിന്റെ ഉടമക്ക് ഒരിക്കലും നന്നാവാനാവുകയില്ല. ജനങ്ങൾക്കിടയിൽ നിർബന്ധമായും ഉണ്ടാകേണ്ട ഇസ്‌ലാമിക സാഹോദര്യത്തിന് തുരങ്കം വെക്കുന്ന മഹാരോഗമാണ് അഹങ്കാരം എന്നത്. സത്യം കേൾക്കാനും സത്യത്തിന് വിധേയപ്പെടാനും അഹങ്കാരിയുടെ ഹൃദയത്തിന് സാധിക്കുകയില്ല. സ്വർഗപ്രവേശനത്തിന് പോലും ഇത് തടസ്സമാകുന്നു. അഹങ്കാരം കുന്നുകൂടി എല്ലാ നല്ല സ്വഭാവങ്ങളും നഷ്ടപ്പെട്ടുപോകും. ജനങ്ങളെയോ ജനങ്ങൾ ഇഷ്ടപ്പെടുന്നതിനെയോ അഹങ്കാരി ഇഷ്ടപ്പെടുകയില്ല. അതിക്രമവും അന്യായ ചിന്തകളും പ്രവർത്തനങ്ങളും ഈ മതം വിരോധിച്ചിട്ടുണ്ട്. കാരണം, അതിന്റെയെല്ലാം പര്യവസാനം വളരെ മോശമാണ്.

കോപം വളരെ ദുഷിച്ച സ്വഭാവമാണ്. വീടും കുടുംബവും എന്നല്ല ഒരു സമൂഹത്തെ തന്നെ തകർക്കാൻ അത് മതിയായതാണ്. എത്രയെത്ര ബന്ധങ്ങളാണ് മുറിയുന്നത്. എത്രയെത്ര കുടുംബങ്ങളാണ് ശിഥിലമാകുന്നത്. ഹൃദയവിശുദ്ധിയുടെ കുറവാണ് ഇതിനെല്ലാം കാരണം. കോപം അല്ലാഹുവിനെ കോപത്തിലേക്കടുപ്പിക്കുന്നു. മനുഷ്യന്റെ ബുദ്ധിയെ തന്നെ ചിലപ്പോൾ അത് ഊരിയെടുക്കുന്നു. സ്വന്തം പ്രവർത്തനങ്ങളിൽ പോലും മനുഷ്യന് നിയന്ത്രണമില്ലാതാകുന്നു. ഇത്തരക്കാരുടെ ജീവിതം അസ്വസ്ഥത നിറഞ്ഞതായിരിക്കുകയും സ്വയ നാശമടയുകയും ചെയ്യുന്നു. അതുകൊണ്ട് ഒരു മുസ്‌ലിം കോപം അടക്കണം. പര്യവസാനത്തെ കുറിച്ച് ചിന്തിക്കണം.

ചുരുക്കത്തിൻ ഹൃദയത്തിന്റെ ശുദ്ധി സമൂഹത്തിന്റെ സുരക്ഷക്കും ഹൃദയത്തിന്റെ രോഗം സമൂഹത്തിന്റെ തകർച്ചക്കും കാരണമാണ്. അത് കേടുവരാൻ പല കാരണങ്ങളുമുണ്ട്. ചുറ്റുപാട്, സാഹചര്യം, കൂട്ടുകെട്ട്, അജ്ഞത... തുടങ്ങിയവയെല്ലാം അതിന് കാരണമായി വർത്തിക്കുന്നു. അല്ലാഹുവിനെക്കുറിച്ചും അവന്റെ ദീനിനെക്കുറിച്ചുമുള്ള യഥാർഥമായ അറിവ് തന്റെ നിസ്സാരതയെ മനസ്സിലാക്കാനും സ്വന്തം ജീവിതം സംശുദ്ധമാക്കാനും മനുഷ്യനെ സഹായിക്കുന്ന കാര്യങ്ങളാണ്. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ! ●

ലേഖനം

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com



# ഇങ്ങനെയും ഒരു യുവാവ്!

ഒരാൾ പറഞ്ഞ കഥ: "മക്കയിൽ ജുമുഅ നമസ്കരിച്ച ശേഷം ഞാനും അമ്മാവനും കാറിൽ തിരികെ യാത്ര പുറപ്പെട്ടു. കുറച്ച് ദൂരം സഞ്ചരിച്ചപ്പോൾ ഒരു ആളനക്കമില്ലാത്ത പള്ളി ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടു. മക്കയിലേക്ക് പോകുമ്പോഴും ഈ പള്ളി ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിരുന്നു. ഹൈവേയിലൂടെ സഞ്ചരിക്കുന്ന ഏതൊരാൾക്കും ഈ പള്ളി കാണാം. ഞാൻ ആ പള്ളിയുടെ അടുത്തെത്തി പരിസരം നിരീക്ഷിച്ചു. അപ്പോഴാണ് പള്ളിയുടെ പരിസരത്തു നീല നിറമുള്ള ഒരു കാർ നിർത്തിയിട്ടിരിക്കുന്നത് ശ്രദ്ധയിൽ പെട്ടത്. ഈ കാർ വിജനമായ ഈ പള്ളിക്കരികെ എങ്ങനെ എത്തി എന്ന് ഞാൻ ചിന്തിച്ചു. പള്ളിയിലേക്കുള്ള മൺപാതയിലൂടെ മുന്നോട്ടു നീങ്ങി പള്ളിയുടെ അടുത്തെത്തിയപ്പോൾ കൂടെയുള്ള അമ്മാവൻ ചോദിക്കുന്നുണ്ടായിരുന്നു, എന്താണ് എവിടെ കാര്യം എന്ന്.

പള്ളിക്കടുത്തായി ഞങ്ങൾ കാർ നിർത്തി. അപ്പോഴതാ ഒരാളുടെ ഉച്ചത്തിലുള്ള ക്വുർആൻ പാരായണം കേൾക്കുന്നു. പുറത്ത് കാത്തിരുന്ന് ഈ പാരായണം ശ്രദ്ധിച്ചാലോ എന്ന് തോന്നിയെങ്കിലും എന്റെ ജിജ്ഞാസ മൂലം മൂന്നിലൊരുഭാഗം തകർന്ന ആ പള്ളിക്കകത്തു കയറി നോക്കാൻ തീരുമാനിച്ചു. ഒരു പക്ഷിക്കുഞ്ഞു പോലും ചേക്കേറാത്ത പള്ളി! പള്ളിക്കകത്ത് ഒരു ചെറുപ്പക്കാരൻ! മുന്നിലൊരു മുസ്വല്ല നിവർത്തിയിട്ടിരിക്കുന്നു. കയ്യിൽ ഒരു ചെറിയ ക്വുർആൻ! അതിൽ നോക്കിയാണ് പാരായണം. ഉറപ്പിച്ചു പറയട്ടെ, അയാൾ അല്ലാതെ ആ പള്ളിയിൽ മറ്റാരുമില്ല.

ഞാൻ സലാം ചൊല്ലി. ഈ സമയത്ത് ഇവിടെ നിങ്ങൾ എന്തിനു വന്നു എന്ന അത്ഭുത ഭാവത്തിൽ അയാൾ ഞങ്ങളെ നോക്കിക്കൊണ്ടു സലാം മടക്കി. അസ്വ്ർ നമസ്കരിച്ചോ എന്ന് ഞങ്ങൾ യുവാവിനോട് തിരക്കി. ഇല്ല എന്നായിരുന്നു മറുപടി. ഞങ്ങളും നമസ്കരിച്ചിരുന്നില്ല. നമസ്കാരം തുടങ്ങാൻ ഇക്വാമത്ത് കൊടുക്കാൻ ഉദ്യമിക്കുമ്പോഴതാ ആ യുവാന് ക്വിബ്ലയുടെ ഭാഗത്തേക്ക് നോക്കി ചിരിക്കുന്നു! ആരോടാണയാൾ ചിരിക്കുന്നത്? ഒന്നുമറിഞ്ഞുകൂടാ. നിശ്ശബ്ദദക്ക് വിരാമമിട്ടുകൊണ്ട് ആ യുവാവ് സംസാരിച്ചത് പറഞ്ഞു: 'അബ്ഷിർ... സ്വലാതുൽ ജമാഅ' (സന്തോഷിക്കുക. ജമാഅത് നമസ്കാരമാണ്). കൂടെ നിൽക്കുന്ന എന്റെ അമ്മാവനെ അയാൾ അത്ഭുതത്തോടെ നോക്കുന്നു.

ഞാൻ നമസ്കാരം ആരംഭിച്ചു. എന്റെ മനസ്സിൽ അയാളുടെ വാക്കുകൾ ഓളംവെട്ടി; 'അബ്ഷിർ...സ്വലാതുൽ ജമാഅ.' ആരോടാണയാൾ അപ്പറഞ്ഞത്? ഈ ഉപേക്ഷിക്കപ്പെട്ട പള്ളിയിൽ വേറെ ആരുമില്ലല്ലോ! ഇയാൾക്ക് ഭ്രാന്താണോ? നമസ്കാരം കഴിഞ്ഞു പുറകിലുള്ള യുവാവിനെ ഞാൻ തിരിഞ്ഞു നോക്കി. അദ്ദേഹം ദിക്റിൽ മുഴുകിയിരിക്കുകയാണ്.

ഞാൻ ചോദിച്ചു: "താങ്കളുടെ സ്ഥിതി എന്താണ്?"

"ഖൈർ... അൽഹംദുലില്ലാഹ്."

"താങ്കളുടെ വാക്കുകൾ നമസ്കാരത്തിലുടനീളം എന്റെ മനസ്സിനെ ജോലിയിലാക്കിക്കളഞ്ഞു'' ഞാൻ പറഞ്ഞു.

"എന്തുകൊണ്ട്?" അയാളുടെ ചോദ്യം.

"നമസ്കാരം തുടങ്ങാൻ നേരം 'അബ്ഷിർ... സ്വലാതുൽ ജമാഅഃ' എന്ന് താങ്കൾ പറഞ്ഞത്

ആരോടാണ്?''

അയാൾ ചിരിച്ചു: "അതിലെന്താണ് പ്രശ്നം?"

"ഒന്നുമില്ല, ആരോടാണ് സംസാരിച്ചത് എന്ന് പറയൂ."

അയാൾ പുഞ്ചിരിച്ചു. അൽപനേരം താഴോട്ടു നോക്കി ചിന്തയിലാണ്ടു.

"പറയൂ, താങ്കൾ ആരോടാണ് അങ്ങിനെ പറഞ്ഞത്? താങ്കൾക്ക് മാനസിക പ്രശ്നമൊന്നും ഇല്ലല്ലോ! വളരെ ശാന്തമായ പ്രകൃതമാണല്ലോ താങ്കൾക്കുള്ളത്. ഞങ്ങളോടൊപ്പം താങ്കൾ നമസ്കരിക്കുകയും ചെയ്തു. അപ്പോൾ താങ്കളുടെ വാക്കുകൾ അർഥമാക്കുന്നത് എന്താണ്?"

അയാൾ എന്നെ നോക്കിക്കൊണ്ട് പറഞ്ഞു: "ഞാൻ പള്ളിയോടു സംസാരിക്കുകയായിരുന്നു."

ഈ മറുപടി എന്നെ ശരിക്കും നടുക്കി. ഇയാൾക്ക് ഭ്രാന്തുണ്ടോ?

"താങ്കൾ പള്ളിയോടു സംസാരിച്ചിട്ട് പള്ളി മറുപടി പറഞ്ഞോ?"

അയാൾ മന്ദസ്മിതം തൂകി. "എനിക്ക് ഭ്രാന്തുണ്ടോ എന്ന് താങ്കൾ സംശയിക്കുന്നു. പള്ളി സംസാരിക്കുമോ എന്ന് ചോദിക്കുന്നു. ഇത് കേവലം കല്ലുകളാണ്."

ഞാൻ പുഞ്ചരിച്ചുകൊണ്ടു ചോദിച്ചു: "അതെ, സംസാരശേഷിയില്ലാത്ത ഈ കല്ലുകളോട് താങ്കളെന്തിന് സംസാരിക്കുന്നു?"

നിലത്തേക്ക് കണ്ണുകൾ നട്ട് ചിന്താനിമഗ്നനായി അയാൾ സംസാരിച്ചു തുടങ്ങി: "ഞാൻ പള്ളികളെ സ്നേഹിക്കുന്നവനാണ്. പൊളിഞ്ഞു വീഴാറായതോ പഴകി ജീർണിച്ചതോ ആൾപെരുമാറ്റമില്ലാത്തതോ ആയ പള്ളികൾ ശ്രദ്ധയിൽ പെട്ടാൽ ഞാൻ ആലോചിച്ചു തുടങ്ങും. ഇത് മുമ്പ് ജനങ്ങൾ നമസ്കരിച്ച സ്ഥലമാണല്ലോ. ഞാൻ ആത്മഗതം ചെയ്യും. 'അല്ലാഹുവേ ഒരു നമസ്കാരക്കാരനെ കിട്ടാൻ ഈ പള്ളി എത്രമാത്രം കൊതിക്കുന്നുണ്ടാകും. അതിൽ അല്ലാഹുവിന്റെ ദിക്ർ ഉയർന്നു കേൾക്കാൻ അതെത്ര ആശിക്കുന്നുണ്ടാവും? ഒരു തസ്ബീഹ്, അല്ലെങ്കിൽ ഒരു ക്വുർആൻ വചനം അതിന്റെ ചുമരുകളെ പ്രകമ്പനം കൊള്ളിച്ചെങ്കിൽ എന്ന് അതാഗ്രഹിക്കുന്നുണ്ടാകും. ആ പള്ളി ചിന്തിക്കുന്നുണ്ടാവും 'ഞാൻ പള്ളികൾക്കിടയിൽ ഒരപരിചിതനാണ്' എന്ന്. ഒരു റുകൂഇന്, ഒരു സുജൂദിന് അത് കാത്തിരിക്കുന്നു. വല്ല വഴിപോക്കനും കടന്നുവന്ന് 'അല്ലാഹുഅക്ബർ' എന്ന് പറയുന്നത് കേട്ടെങ്കിൽ എന്ന് അത് ആഗ്രഹിക്കുന്നുണ്ടാകും. ഉപേക്ഷിക്കപ്പെട്ട പള്ളിയുടെ മൂകമായ വാചാലത കേട്ട് ഞാൻ പറയും: 'നിന്റെ ദാഹം ഞാൻ ശമിപ്പിക്കാം. കുറച്ചു നേരത്തേക്കെങ്കിലും നിന്റെ ആ പഴയ പ്രതാപത്തിലേക്കു നിന്നെ തിരിച്ചു കൊണ്ടുവരാം!' അങ്ങനെ ഞാൻ ആ പള്ളിയിലേക്ക് കടന്നു ചെല്ലും. രണ്ടു റക്അത്ത് നമസ്കരിക്കും. ക്വുർആനിന്റെ ഒരു ഭാഗം (ജുസ്അ്) മുഴുവനായും പാരായണം ചെയ്യും. ഇതൊരു അസാധാരണ പ്രവൃത്തിയാണെന്നു താങ്കൾ പറഞ്ഞേക്കരുത്. അല്ലാഹു തന്നെ സത്യം! എനിക്ക് പള്ളികളോട് ഇഷ്ടമാണ്."

എന്റെ കണ്ണുകൾ ഈറനണിഞ്ഞത് അയാളുടെ ശ്രദ്ധയിൽ പെടാതിരിക്കാൻ ഞാൻ താഴോട്ട് നോക്കി. പള്ളികളുമായി ഹൃദയബന്ധം സ്ഥാപിച്ച അയാളുടെ ഭാവവും വൈകാരികതയും ശൈലിയും എന്റെ മനോമുകരത്തിൽ കൊടുങ്കാറ്റുണ്ടാക്കി. അയാളോട് എന്ത് പറയണം എന്ന് എനിക്കറിഞ്ഞുകൂടാ 'ജസാകല്ലാഹു ഖൈറൻ' (അല്ലാഹു താങ്കൾക്ക് നല്ലത് പ്രതിഫലം നൽകട്ടെ) എന്ന് മാത്രം ഞാൻ മറുപടി പറഞ്ഞു. 'താങ്കളുടെ പ്രാർഥനകളിൽ എന്നെ കൂടി മറക്കാതെ ഉൾപെടുത്തണമെന്ന അപേക്ഷയോടെ ഞാൻ സലാം ചൊല്ലി വേർപിരിയാൻ ഭാവിച്ചു. അപ്പോഴതാ മറ്റൊരു അത്ഭുതത്തിന്നു ഞാൻ സാക്ഷിയാകുന്നു!


ഞാൻ പള്ളിയിൽ നിന്ന് പുറത്തിറങ്ങവെ കണ്ണുകൾ നിലത്തു നട്ടുകൊണ്ട് അയാൾ പറഞ്ഞു: "ഇത്തരം വിജനമായ പള്ളികളിൽ കയറി നമസ്കരിച്ച ശേഷം ഞാൻ പതിവായി പ്രാർഥിക്കാറുള്ളത് എന്താണെന്നു താങ്കൾക്കറിയുമോ?"

ഞാൻ ആശ്ചര്യത്തോടെ അയാളെ നോക്കി. അയാൾ സംസാരം തുടരുകയാണ്: 'അല്ലാഹുവേ, നിന്റെ മാത്രം പ്രതിഫലം ആഗ്രഹിച്ച്, നിന്റെ ദിക്റുകൾ ഉരുവിട്ടും നിന്റെ വചനങ്ങൾ പാരായണം ചെയ്തും ഈ പള്ളിയുടെ ഏകാന്തതയിൽ ഞാൻ അതിനൊരു കൂട്ടുകാരനായ പോലെ, ഏകരായി ക്വബ്റിൽ കിടക്കുന്ന എന്റെ മാതാപിതാക്കൾക്ക് ഒരു കൂട്ടുകാരനെ നിശ്ചയിച്ചു കൊടുക്കേണമേ. കാരുണ്യവാൻമാരിൽ ഏറ്റവും മെച്ചപ്പെട്ട കാരുണ്യവാനാണ് നീ.' അടിമുടി ഒരു പ്രകമ്പനം എന്റെ സിരകളിൽ പാഞ്ഞുകയറി. ഒരു കൊച്ചു കുട്ടിയെപ്പോലെ ഞാൻ പൊട്ടിക്കരഞ്ഞു."

സഹോദരങ്ങളേ, ഇതെന്തൊരു ചെറുപ്പക്കാരൻ! മാതാപിതാക്കളോടുള്ള അയാളുടെ സ്നേഹം എത്ര ശക്തം! അയാളുടെ മാതാപിതാക്കൾ എങ്ങനെയായിരിക്കും അയാളെ പോറ്റിവളർത്തിയത്! എത്ര നല്ല പരിപാലനം! നമ്മുടെ മക്കളെ ഏതു മൂല്യങ്ങൾ പകർന്നു നൽകിയാണ് നമ്മൾ വളർത്തുന്നത്? മാതാപിതാക്കളോട്-അവർ മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആവട്ടെ-നീതി പുലർത്തുന്നവർ നമ്മുടെ കൂട്ടത്തിൽ എത്ര പേരുണ്ട്? നമുക്ക് അല്ലാഹുവിനോട് പ്രാർഥിക്കാം; നല്ല കർമവും നല്ല പര്യവസാനവും ലഭിക്കാൻ.

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും എങ്ങനെ മനസ്സിലാക്കണം?

**അ**ല്ലാഹുവിനുള്ളതായി അല്ലാഹുവും റസൂലുംﷺ അറിയിച്ച ഒരു നാമവും വിശേഷണവും നാം നിഷേധിക്കാൻ പാടുള്ളതല്ല. കാരണം അല്ലാഹുവിനെ കുറിച്ച് കൂടുതൽ അറിയുന്നവൻ അല്ലാഹുവാണ്. സൃഷ്ടികളിൽവെച്ച് ഏറ്റവും നന്നായി അല്ലാഹുവിനെ അറിഞ്ഞത് മുഹമ്മദ് നബിﷺയുമാണ്. അതിനാൽ അല്ലാഹുവും റസൂലും അറിയിച്ച കാര്യങ്ങളെ നിഷേധിക്കൽ സത്യനിഷേധമാണ്.

അല്ലാഹുവിന്റെ നാമ ഗുണ വിശേഷണങ്ങളുടെ വിഷയത്തിൽ ജഹ്മിയ്യാക്കൾക്ക് പറ്റിയ ഭീമാബദ്ധം ഇതായിരുന്നു. അവർ അല്ലാഹുവിന്റെ സ്വിഫാത്തുകളെ (വിശേഷണങ്ങളെ) നിഷേധിച്ചു കളഞ്ഞു. തങ്ങളുടെ പരിമിത ബുദ്ധിയെ അടിസ്ഥാനപ്പെടുത്തി അല്ലാഹു ആരായിരിക്കണമെന്ന് അവർ സ്വയം തീരുമാനിച്ചു. അതിനുശേഷം വന്ന മുഅ്തസില വിഭാഗവും സ്വീകരിച്ചത് പ്രമാണങ്ങളെക്കാൾ തങ്ങളുടെ ബുദ്ധിക്ക് പ്രാധാന്യവും അപ്രമാദിത്വവും കൽപിച്ചുകൊണ്ടുള്ള ഇത്തരം സമീപനങ്ങളായിരുന്നു. അല്ലാഹുവിന് എന്തെല്ലാം വിശേഷണങ്ങളുണ്ടാവണമെന്നും ഉണ്ടായിക്കൂടാ എന്നും തീരുമാനിക്കാൻ ഇവരൊക്കെ ആശ്രയിച്ചത് പ്രമാണങ്ങളെ കൈവിട്ടുകൊണ്ടുള്ള ഗവേഷണങ്ങളെയായിരുന്നു.

അല്ലാഹുവും റസൂലും അല്ലാഹുവിനുള്ളതായി അറിയിച്ച വിശേഷണങ്ങളെ നാം അംഗീകരിച്ചാൽ അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തലാണെന്നും അത് തൗഹീദിന് വിരുദ്ധമാണെന്നും അവർ വാദിച്ചു. എന്നാൽ ഇവരൊക്കെയും അല്ലാഹുവിന്റെ അസ്തിത്വം അംഗീകരിക്കുന്നവരാണ്. സൃഷ്ടികളുടെ അസ്തിത്വങ്ങളെയും അംഗീകരിക്കുന്നുണ്ട്. അപ്പോൾ മേൽപറഞ്ഞ സാദൃശ്യപ്പെടുത്തൽ ഇവിടെയും വരില്ലേ എന്ന് ചോദിച്ചാൽ, അല്ലാഹുവിന്റെ അസ്തിത്വം പോലെയല്ല സൃഷ്ടികളുടെ അസ്തിത്വം എന്നാണ് മറുപടി. എങ്കിൽ ഇവ

രോട് നമുക്കും അല്ലാഹുവിന്റെ വിശേഷണങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് പറയാനുള്ളത്. അല്ലാഹുവിനെ പോലെ യാതൊന്നുമില്ല. അല്ലാഹു പറയുന്നു:

“ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു (അവൻ) നിങ്ങൾക്ക് വേണ്ടി നിങ്ങളുടെ വർഗത്തിൽ നിന്നു തന്നെ അവൻ ഇണകളെ (ഉണ്ടാക്കിത്തന്നിരിക്കുന്നു) അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർധിപ്പിക്കുന്നു. അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.” (42:11)

അല്ലാഹുവിന്റെ അനവധി സിഫാത്തുകളുടെ കൂട്ടത്തിൽ കേവലം ആറേഴെണ്ണത്തെ മാത്രം അംഗീകരിക്കുകയും ബാക്കിയുള്ളവയെ എല്ലാം മുഅ്തസിലികൾ ചെയ്തതുപോലെ വ്യാഖ്യാനിക്കുകയോ അല്ലെങ്കിൽ ഒന്നും പറയാതെ അല്ലാഹുവിലേക്ക് മടക്കുകയോ ചെയ്ത (തഫ്‌വീളിന്റെയും തഅ്‌വീലിന്റെയും വക്താക്കളായ) അശ്അരീ- മാതുരീദി വിഭാഗവും അകപ്പെട്ടത് ഒരേ കുഴിയിൽ തന്നെയാണ്.

ജഹ്മികളോടും മുഅ്തസിലികളോടും പറഞ്ഞതുപോലെ തന്നെ ഇവരോടും അഹ്‌ലുസ്സുന്നക്ക് പറയാനുള്ളത് ഇതാണ്: അല്ലാഹുവിന്റെ ഏഴ് സിഫത്തുകളെ നിങ്ങളംഗീകരിക്കുകയും ബാക്കിയുള്ളവയെ നിരാകരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അറിവും ശക്തിയും കേൾവിയും കാഴ്ചയുമൊക്കെ നിങ്ങളംഗീകരിക്കുന്ന സിഫാത്തുകളാണ്. എന്നാൽ സൃഷ്ടികൾക്കും അറിവും കഴിവും കാഴ്ചയും കേൾവിയുമൊക്കെ ഉണ്ടല്ലോ എന്ന് ചോദിക്കുമ്പോൾ, അല്ലാഹുവിന്റെ കഴിവും കാഴ്ചയും അറിവും കേൾവിയുമൊന്നും സൃഷ്ടികളുടേത് പോലെയല്ല എന്നാണ് മറുപടി. എങ്കിൽ പ്രമാണങ്ങൾ നമ്മെ അറിയിച്ച ബാക്കിയുള്ള സിഫാത്തുകളുടെ കാര്യത്തിലും അവയൊന്നും സൃഷ്ടികളുടെ വിശേഷണങ്ങൾ പോലെയല്ല; അല്ലാഹുവിന്റെ വിശേഷണങ്ങൾ അവന്റെ മഹത്വത്തിനും ഔന്നിത്യത്തിനും യോജിക്കുന്ന വിധത്തിൽ പരിപൂർണതയുടെ ഗുണങ്ങളും സമാനതകളില്ലാത്തതുമാണ് എന്ന് പറയലല്ലേ പ്രമാണത്തോടും ശരിയായ ബുദ്ധിയോടും യോജിക്കുന്നത് എന്ന് ചോദിച്ചാലും വ്യാഖ്യാനത്തിന്റെ അനിവാര്യതക്കും സാധുതക്കും തെളിവു നിരത്താനായിരിക്കും അവരിൽ ഭൂരിഭാഗവും പരിശ്രമിക്കുക.

പ്രസ്തുത കാര്യങ്ങളിലൊക്കെ തങ്ങൾക്കുള്ള മാതൃകയും മുൻഗാമികളും ആരൊക്കെയാണ് എന്ന് വേണ്ടവിധത്തിൽ ആലോചിക്കാൻ പോലും അവർക്ക് സാധിക്കാതെ പോവുകയാണ്. നബിﷺയോ സ്വഹാബത്തോ താബിഉകളോ തബഉത്താബിഉകളോ അടങ്ങുന്ന സലഫുകളിൽ നിന്ന് ഒരാളെ പോലും അവർക്ക് മാതൃകയായി ഉദ്ധരിക്കാൻ കഴിയില്ല എന്നതും നാം തിരിച്ചറിയേണ്ട വസ്തുതയാണ്. അവരാണല്ലോ നമ്മുടെ സച്ചരിതരായ മുൻഗാമികൾ. അവരെ പിൻപറ്റുവാനാണല്ലോ നാം കൽപിക്കപ്പെട്ടതും.

ഇവരുടെ വ്യാഖ്യാനത്തിന്റെ അപകടങ്ങൾ.

1. അല്ലാഹുവിന്റെ പേരിൽ നാം വ്യക്തമായി അറിയാത്തവ പറയലാണ് ഇത്തരം വ്യാഖ്യാനങ്ങളിലൂടെ സംഭവിക്കുന്നത്. അതാകട്ടെ അല്ലാഹു ശക്തമായി നമ്മളോട് വിലക്കിയതാണ്.

“അവർ (യഹൂദർ) പറഞ്ഞു: എണ്ണപ്പെട്ട ദിവസങ്ങളിലല്ലാതെ ഞങ്ങളെ നരക ശിക്ഷ ബാധിക്കുകയേ ഇല്ല. ചോദിക്കുക: നിങ്ങൾ അല്ലാഹുവിങ്കൽനിന്ന് വല്ല കരാറും വാങ്ങിയിട്ടുണ്ടോ? എന്നാൽ തീർച്ചയായും അല്ലാഹു തന്റെ കരാർ ലംഘിക്കുകയില്ല. അതല്ല, നിങ്ങൾക്ക് അറിവില്ലാത്തത് അല്ലാഹുവിന്റെ പേരിൽ നിങ്ങൾ പറഞ്ഞുണ്ടാക്കുകയാണോ”(2:80).

“അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനേക്കാൾ അക്രമിയായി ആരുണ്ട്? അവർ അവരുടെ രക്ഷിതാവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ്. സാക്ഷികൾ പറയും: ഇവരാകുന്നു തങ്ങളുടെ രക്ഷിതാവിന്റെ പേരിൽ കള്ളം പറഞ്ഞവർ, ശ്രദ്ധിക്കുക: അല്ലാഹുവിന്റെ ശാപം ആ അക്രമികളുടെ മേലുണ്ടായിരിക്കും”(11:18).

“മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് നാശം! നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കരുത്. ഏതെങ്കിലും ഒരു ശിക്ഷ മുഖേന അവൻ നിങ്ങളെ ഉൻമൂലനം ചെയ്തേക്കും. കള്ളം കെട്ടിച്ചമച്ചവനാരോ അവൻ തീർച്ചയായും പരാജയപ്പെട്ടിരിക്കുന്നു”(20:61).

ആരെക്കുറിച്ചും വ്യക്തമായ അറിവില്ലാത്തത് പറഞ്ഞുകൂടാ. അപ്പോൾ അത് അല്ലാഹുവിനെ സംബന്ധിച്ച് ആകുമ്പോൾ എന്ത് മാത്രം അപകടകരമായിരിക്കും!

“നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്” (17:36).

**അല്ലാഹുവിന്റെ സ്വിഫത്തുകളെ കുറിച്ച് പറഞ്ഞ ക്വുർആനിക വചനങ്ങളെയും ഹദീഥുകളെയും സലഫുകൾ വ്യാഖ്യാനിക്കാതിരുന്നത് എന്തുകൊണ്ടായിരിക്കും എന്ന ചിന്ത പ്രസക്തമാണ്. നന്മയുള്ള കാര്യമാണ് ഈ വ്യാഖ്യാനമെങ്കിൽ അവരായിരുന്നു നമ്മെക്കാൾ മുമ്പ് അത് ചെയ്യുകയും അതിന്റെ പ്രചാരകരാവുകയും ചെയ്യുക. അസ്മാഉ വസ്വിഫാത്ത് പോലെയുള്ള അടിസ്ഥാനപരമായ ഒരു അക്വീദാവിഷയത്തിൽ സലഫുകൾ സ്വീകരിക്കാത്ത മാർഗമാണ് നാം സ്വീകരിക്കുന്നതെങ്കിൽ പ്രസ്തുത വഴി പിഴച്ചതാണെന്നതിന് അതുമാത്രം മതിയാകും വ്യക്തമായ തെളിവായിട്ട്.**

2. നാം നല്ലതായി കരുതുന്ന വ്യാഖ്യാനങ്ങൾ നല്ലതും മതത്തിൽ അനിവാര്യവുമായ ഒന്നായിരുന്നെങ്കിൽ അല്ലാഹുവും റസൂലുംﷺ അത് നമുക്ക് വിശദീകരിച്ചു തരേണ്ടതായിരുന്നുവല്ലോ! ഇതിനെക്കാൾ നിസ്സാരമായ വിഷയങ്ങൾ വിശദമായി വിശദീകരിച്ച മതപ്രമാണങ്ങൾ മൗലികമായ ഈ വിശ്വാസ കാര്യത്തെ വിശദീകരിക്കാതെ അവഗണിച്ചു കളഞ്ഞു എന്നതും ഉണ്ടാകുവാൻ യാതൊരു ന്യായവുമില്ല. അതിനാൽ സ്വന്തമായി നാം അവതരിപ്പിക്കുന്ന വ്യാഖ്യാനങ്ങൾ മതത്തിൽ പലതും കൂട്ടിച്ചേർക്കലായിരിക്കും.

3. സലഫുകളിൽ ഒരാളിൽ നിന്നുപോലും ഇത്തരം വ്യാഖ്യാനങ്ങൾ ഉദ്ധരിക്കപ്പെടുന്നില്ല എന്നത് ഏറെ ശ്രദ്ധേയമാണ്. അപ്പോൾ അല്ലാഹു തൃപ്തിപ്പെട്ടവരും ഉത്തമ തലമുറക്കാരും ശുദ്ധ അറബി ഭാഷക്കാരുമായ സച്ചരിതരുടെ പാത കയ്യൊഴിച്ച് കൊണ്ട് നാം സ്വീകരിക്കുന്ന വ്യാഖ്യാനത്തിന്റെ രീതി ക്വുർആനും സുന്നത്തും നമ്മോട് പിൻപറ്റാൻ നിർദേശിച്ച പാതയെ കയ്യൊഴിക്കലും സന്മാർഗം വിട്ട് ദുർമാർഗം സ്വീകരിക്കലുമായിരിക്കും എന്ന് തിരിച്ചറിയുക.

"തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (4:115).

4. അല്ലാഹുവിന്റെ സ്വിഫത്തുകളെ കുറിച്ച് പറഞ്ഞ ക്വുർആനിക വചനങ്ങളെയും ഹദീഥുകളെയും സലഫുകൾ വ്യാഖ്യാനിക്കാതിരുന്നത് എന്തുകൊണ്ടായിരിക്കും എന്ന ചിന്ത പ്രസക്തമാണ്. നന്മയുള്ള കാര്യമാണ് ഈ വ്യാഖ്യാനമെങ്കിൽ അവരായിരുന്നു നമ്മെക്കാൾ മുമ്പ് അത് ചെയ്യുകയും അതിന്റെ പ്രചാരകരാവുകയും ചെയ്യുക. ദീനിയായ ഒരു വിഷയത്തിൽ അതും അസ്മാഉ വസ്വിഫാത്ത് പോലെയുള്ള അടിസ്ഥാനപരമായ ഒരു അക്വീദാവിഷയത്തിൽ സലഫുകൾ സ്വീകരിക്കാത്ത മാർഗമാണ് നാം സ്വീകരിക്കുന്നതെങ്കിൽ പ്രസ്തുത വഴി പിഴച്ചതാണെന്നതിന് അതുമാത്രം മതിയാകും വ്യക്തമായ തെളിവായിട്ട്. അല്ലാതെ സച്ചരിതരായ മുൻഗാമികൾ പിഴവിലും പിൽക്കാലത്തുള്ളവർ ശരിയിലും നന്മയിലും എന്ന് ദീനിന്റെ ബാലപാഠങ്ങളെങ്കിലും മനസ്സിലാക്കിയവർക്ക് അനുമാനിക്കാനാവുമോ?

അഭിപ്രായ ഭിന്നതകളും ആശയക്കുഴപ്പങ്ങളുമുണ്ടാകുമ്പോൾ നമ്മളോട് പിൻപറ്റാൻ നബിﷺ നിർദേശിച്ച നേരിന്റെ സുരക്ഷിതപാത സലഫിന്റെതാണല്ലോ.

5. നബിﷺയോ സ്വഹാബത്തോ ഒന്നും വിശദീകരിക്കാത്ത ഒരു വിവരണം നാം കൽപിക്കുമ്പോൾ വിശിഷ്ടരും വിശുദ്ധരുമായ ആ മുൻഗാമികളെ മോശപ്പെട്ടവരും മതത്തിന്റെ അടിസ്ഥാന വിഷയങ്ങളിൽ പോലും വേണ്ടത്ര ഗ്രാഹ്യത ഇല്ലാത്തവരുമായി ചിത്രീകരിക്കലും അറിഞ്ഞോ അറിയാതെയോ സംഭവിച്ചു പോകുന്നു എന്നത് നാം മറന്ന് കൂടാ.

ഇബ്നു മസ്ഊദ്ؓ വിശദമാക്കിയതുപോലെ അവരാണ് ഉത്തമർ. സംശയങ്ങൾ തീർത്ത് ഏറ്റവും ഉത്തമ ഗുരുവിൽ നിന്ന് മതം ശരിയായ രൂപത്തിൽ പഠിച്ച് മനസ്സിലാക്കിയവർ. ജാഡകളോ നാട്യങ്ങളോ ഇല്ലാത്ത, അറിവും ഭക്തിയും സമന്വയിച്ച മഹത്തുക്കൾ. അവരുടെ മാർഗമാണ് നാം പിൻപറ്റേണ്ടത്.

പ്രസ്തുത മാർഗം വിട്ടുകൊണ്ട് വ്യാഖ്യാനത്തിന്റെ വക്താക്കൾ കൊണ്ടുവരുന്നതാകട്ടെ സത്യവിശ്വാസികൾ പോലുമല്ലാത്ത ഗ്രീക്ക് തത്ത്വശാസ്ത്രത്തിന്റെയും വചനശാസ്ത്രത്തിന്റെയും ആളുകളുടെ വാക്കുകളും അഭിപ്രായങ്ങളുമാണ്.

6. വ്യാഖ്യാനത്തിന്റെ വക്താക്കളായി ആ മാർഗത്തിൽ ആയുസ്സിന്റെ നല്ലൊരു ഭാഗം ചെലവഴിച്ച് അതിന്റെ വക്താക്കളും പ്രയോക്താക്കളുമായി ജീവിച്ച പല മഹാന്മാരും ജീവിതത്തിന്റെ അവസാന കാലഘട്ടത്തിൽ അതിൽ നിന്ന് ഖേദിച്ച് മടങ്ങിയ ചരിത്രവും നമ്മുടെ മുന്നിലുണ്ട്. എന്നിട്ടും പ്രമാണങ്ങളും സച്ചരിതരായ മുൻഗാമികളുടെ മാർഗവും വിട്ട്

വക്താക്കൾ തന്നെ കയ്യൊഴിച്ച വാദഗതികളെ വിശുദ്ധമായി ഗണിച്ച് കൊണ്ടുനടക്കുന്നത് എത്രമാത്രം ബാലിശമാണ്!

7. വ്യാഖ്യാനത്തിന്റെ തുടക്കം തന്നെ പിഴവാണ്. കാരണം, അല്ലാഹുവിന്റെ ഗുണ വിശേഷണങ്ങളെ സൃഷ്ടികളുടെ വിശേഷണങ്ങളോട് സാദൃശ്യപ്പെടുത്തി ഗ്രഹിക്കുന്നതിൽ നിന്നാണ് വ്യാഖ്യാനത്തെ രക്ഷാമാർഗമായി കണ്ടെത്തുന്നത്. വാസ്തവത്തിൽ അല്ലാഹുവിന്റെ മഹത്ത്വത്തിനും ഔന്നിത്യത്തിനും യോജിച്ച രീതിയിൽ അവന്റെ വിശേഷണങ്ങളെ സ്വീകരിക്കുകയാണെങ്കിൽ ഇത്തരം വ്യാഖ്യാനങ്ങളിലേക്കും നിഷേധങ്ങളിലേക്കും ഒന്നും പോകേണ്ടിവരില്ലായിരുന്നു. സത്യത്തിൽ ഏതൊരു സാദൃശ്യപ്പെടുത്തലിനെയാണോ ഇവർ ഭയന്നത് അതിലാണ് ഇവർ ആദ്യം ചെന്നുചാടിയത്. രക്ഷപ്പെടാൻ വ്യാഖ്യാനമെന്ന മറ്റൊരു അപകടത്തിലേക്കും വഴുതിവീഴുകയാണുണ്ടായത്.

വ്യാഖ്യാനത്തിന്റെയാളുകൾ കൊണ്ടുവരുന്ന അർഥകൽപനകൾക്കും ആശയങ്ങൾക്കുമപ്പുറമാണ് വാസ്തവത്തിൽ പ്രമാണങ്ങൾ പഠിപ്പിക്കുന്ന സ്വിഫത്തുകൾ നിലകൊള്ളുന്നത്. അഥവാ വ്യാഖ്യാനങ്ങളിൽ പരിമിതമായ ചില അർഥ തലങ്ങളാണ് ഉൾക്കൊള്ളുന്നതെങ്കിൽ സലഫുകൾ സ്വീകരിച്ച ശരിയായ സ്വിഫത്ത് സ്ഥിരീകരണത്തിൽ അതിലുപരി ആശയങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് സാരം.

ഉദാഹരണത്തിന്, അല്ലാഹുവിന്റെ ഇറക്കം (നുസൂൽ) എന്ന സ്വിഫത്തിനെ അനുഗ്രഹം എന്നോ കൽപനയെന്നോ മലക്കുകൾ എന്നോ ഒക്കെ വ്യാഖ്യാനിക്കുമ്പോൾ വാസ്തവത്തിൽ അതിന്റെ ഒരു ഭാഗം മാത്രമെ ആകുന്നുള്ളൂ. എന്നാൽ ഹദീഥിൽ വ്യക്തമായി വിശദീകരിച്ചതാകട്ടെ അതിനുമപ്പുറമാണ്.

നബിﷺ പറയുന്നു: "രാത്രിയുടെ അവസാനത്തെ മൂന്നിലൊന്ന് അവശേഷിക്കുമ്പോൾ ഓരോ രാത്രിയും അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങും. എന്നിട്ട് പറയും: ആരുണ്ട് എന്നോട് പ്രാർഥിക്കുന്നവരായി? ഞാൻ അവന് ഉത്തരം ചെയ്യാം. ആരുണ്ട് എന്നോട് ചോദിക്കുന്നവനായി? ഞാനവന് നൽകാം. ആരുണ്ട് എന്നോട് പാപമോചനം തേടുന്നവനായി? ഞാനവന് പൊറുത്ത് കൊടുക്കാം" (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിനെ കുറിച്ച് നബിﷺ അറിയിച്ച ഒരു കാര്യത്തെപ്പറ്റി അതങ്ങനെയല്ല എന്ന് പറയാൻ ആർക്ക് എന്ത് അവകാശമാണുള്ളത്? അപ്രകാരം തന്നെ അല്ലാഹുവിന്റെ കൈ (യദുൻ) എന്ന വിശേഷണത്തെ കേവലം ശക്തി അല്ലെങ്കിൽ സഹായം എന്നൊക്കെ വ്യാഖ്യാനിക്കുമ്പോഴും സംഭവിക്കുന്നത് ഇതു തന്നെയാണ്.

ഈ വിഷയത്തിൽ ഓരോ സത്യവിശ്വാസിയും സ്വീകരിക്കേണ്ട നിലപാട് ഇതായിരിക്കണം: സ്വീകാര്യയോഗ്യമായ പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ട സ്വിഫത്തുകളെയെല്ലാം വിശ്വസിച്ച് അംഗീകരിക്കുക. എന്നാൽ അവയെ ഒരിക്കലും സൃഷ്ടികളുടെ വിശേഷണങ്ങൾക്ക് സമാനമെന്ന ചിന്താഗതി കടന്നുവന്നുവരാതെ സൂക്ഷിക്കേണ്ടതുമുണ്ട്. അല്ലാഹുവിന്റെ മഹത്വത്തിന് നിരക്കാത്ത ന്യൂനതകളുടെ യാതൊരു വിശേഷണവും അവനിലേക്ക് ചേർത്ത് പറയാതിരിക്കുകയും വേണം. എന്നാൽ സ്വീകാര്യയോഗ്യമല്ലാത്ത റിപ്പോർട്ടുകളും അവയിൽ വന്നിട്ടുള്ള മോശമായ പ്രയോഗങ്ങളും നാം സ്വീകരിക്കേണ്ടതില്ല.

അല്ലാഹുവിന്റെ ഏതെങ്കിലും സ്വിഫത്തുകളെ കുറിച്ച് ആരെങ്കിലും അതെങ്ങനെയാണ് എന്ന് ചോദിച്ചാൽ ഇമാം റബീഅയും(റഹി) ഇമാം മാലികും(റഹി) മറ്റും പറഞ്ഞതുപോലെയാണ് മറുപടി പറയേണ്ടത്: 'എങ്ങനെ എന്നത് അജ്ഞാതമാണ്. ആ വിശേഷണത്തിൽ വിശ്വസിക്കൽ നിർബന്ധവുമാണ്. എങ്ങനെയെന്ന ചോദ്യം ബിദ്അത്തുമാണ്.' കാരണം, ആ ചോദ്യം മനുഷ്യന്റെ അറിവിന്റെ പരിധിയിൽ വരുന്നതല്ല. അതുകൊണ്ടുതന്നെ അതിന് മറുപടി നൽകാനും മനുഷ്യന് സാധിക്കുകയില്ല.

അല്ലാഹുവിന്റെ സ്വിഫത്തുകളെ കുറിച്ച് അവ എങ്ങനെയെന്ന് ചോദിക്കുന്നവനോട് 'അല്ലാഹു എങ്ങനെ'യെന്ന് ചോദിച്ചാൽ 'അത് തനിക്കറിയില്ല' എന്നതായിയിരിക്കും മറുപടി. എങ്കിൽ അല്ലാഹുവിന്റെ വിശേഷണത്തെ കുറിച്ച് അത് എങ്ങനെയെന്ന് നമുക്കും അറിയില്ല എന്നതാണ് നമുക്കും പറയാനുള്ള മറുപടി. വിശേഷിപ്പിക്കപ്പെടുന്നതിന്റെ രൂപം എങ്ങനെയെന്നറിയാതെ വിശേഷണത്തിന്റെ രൂപം അറിയാൻ കഴിയില്ല. അല്ലാഹുവിന്റെ സത്ത (ദാത്ത്) എങ്ങനെ എന്നറിയാത്തവൻ അവന്റെ വിശേഷണം എങ്ങനെ എന്ന് ചോദിക്കുന്നതിൽ അർഥമില്ല.

പ്രമാണങ്ങളുടെയും അത് അനുധാവനം ചെയ്ത സച്ചരിതരായ മുൻഗാമികളുടെയും മാർഗം അവലംബിക്കാതിരുന്നാൽ ആശയക്കുഴപ്പങ്ങൾ അധികരിക്കുക മാത്രമെ ചെയ്യുകയുള്ളൂ. പ്രമാണങ്ങളെ ആത്മാർഥമായി സ്വീകരിച്ച സച്ചരിതരുടെ പാത പിൻപറ്റാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ. ●

ശൈഖ് ഇഹ്സാൻ ഇലാഹി ദഹീർ
വിവ: അബ്ദുൽ ജബാർ അബ്ദുല്ല

ലേഖനം



# അനുചരന്മാരെക്കുറിച്ച് പ്രവാചകൻﷺ പറഞ്ഞത്

പ്രബോധനമാകുന്ന ദൗത്യം ഉത്തരവാദിത്തത്തോടെ നിറവേറ്റിയവരും കേട്ടുപഠിച്ചവയെല്ലാം കൃത്യതയോടെ നിറവേറ്റിയവരുമാണ് പ്രവാചകൻﷺയുടെ സ്വഹാബികൾ. അവരിലൂടെയാണ് റോമും ശാമും അല്ലാഹു വിജയിപ്പിച്ചത്. യമനും പേർഷ്യയും അധീനപ്പെടുത്തി നൽകിയത്. അവരില്ലായിരുന്നുവെങ്കിൽ ഇസ്‌ലാമിനൊരു രാഷ്ട്രമോ, ഭരണകൂടമോ നിലവിൽ വരില്ലായിരുന്നു.

അല്ലാഹു പറയുന്നു: "നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്" (അന്നൂർ 55).

തീർത്തും അല്ലാഹുവിന്റെ വചനത്തെ സാക്ഷ്യപ്പെടുത്തും വിധമായിരുന്നു അവരുടെ ജീവിതം. സ്വഹാബികളെപ്പറ്റി പ്രവാചകൻﷺ ഒരിക്കൽ പറഞ്ഞു: "നിങ്ങൾ എന്റെ അനുചരന്മാരെ ചീത്ത പറയരുത്. നിങ്ങളിലൊരാൾ ഉഹ്ദ് മലയോളം സ്വർണം ചെലവഴിച്ചാലും അവർ ചെലവഴിച്ച ഇടങ്ങഴിയുടെയും നാഴിയുടെയും സ്ഥാനത്തേക്കെത്തുകയില്ല" (ബുഖാരി, മുസ്‌ലിം).

മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: "ആകാശത്തിന്റെ കാവൽഭടന്മാരാണ് നക്ഷത്രങ്ങൾ. നക്ഷത്രങ്ങൾ നീങ്ങിയാൽ, ആകാശത്ത് അതിന് താക്കീത് നൽകപ്പെട്ടത് സംഭവിക്കുകയായി. ഞാൻ എന്റെ സ്വഹാബികളുടെ കാവലാളാണ്. ഞാൻ മരണപ്പെട്ടാൽ. അവർക്ക് താക്കീത് നൽകപ്പെട്ടത് അവരിൽ വന്നെത്തുകയായി. എന്റെ സ്വഹാബികൾ എന്റെ സമുദായത്തിന്റെ കാവലാളുകളാണ്. അവർ വിടപറഞ്ഞാൽ എന്റെ ഉമ്മത്തിൽ അവർക്ക് താക്കീത് നൽകപ്പെട്ടത് സംഭവിക്കുകയായി" (മുസ്‌ലിം).

സ്വഹാബികളുടെ മഹത്ത്വവും മഹിമയും വ്യക്തമാക്കിക്കൊണ്ട് തിരുമേനിﷺ പറഞ്ഞു: "ഏതൊരു പ്രദേശത്തുവെച്ച് എന്റെയൊരു സ്വഹാബി മരണപ്പെടുന്നുവോ, അവർക്കുവേണ്ടി ക്വിയാമത്തു നാളിൽ ഒരു നേതാവിനെയും പ്രകാശത്തെയും അല്ലാഹു നിശ്ചയിക്കുന്നതാണ്" (മുസ്‌ലിം).

നബിﷺ പറഞ്ഞു: "എന്റെ സ്വഹാബത്തിനെ ആക്ഷേപിക്കുന്നവരെ കണ്ടാൽ 'നിങ്ങളുടെ വിപത്തുകൾക്ക് അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ' എന്ന് നിങ്ങൾ പ്രാർഥിക്കുക" (തിർമിദി).

അബൂബക്കർ﵁വിനെ സംബന്ധിച്ച് നബിﷺ പറഞ്ഞു: "സഹവാസം കൊണ്ടും സമ്പത്തുകൊണ്ടും എനിക്ക് ഏറ്റവും അഭയം നൽകിയവൻ അബൂബക്കറാണ്" (ബുഖാരി, മുസ്‌ലിം).

ഉമർ﵁വിനെപ്പറ്റി നബിﷺ പറഞ്ഞു: "അല്ലാഹു ഉമറിന്റെ നാവിലും ഹൃദയത്തിലും സത്യത്തെ നിക്ഷേപിച്ചിരിക്കുന്നു" (തിർമിദി).

നബിﷺ ഉസ്മാൻ﵁വിനെപ്പറ്റി പറഞ്ഞു: "എല്ലാ പ്രവാചകനും ഒരു സതീർഥ്യനുണ്ട്. സ്വർഗത്തിലെ എന്റെ സതീർഥ്യൻ ഉസ്മാനാണ്" (തിർമിദി).

അബ്ദുൽ മുത്ത്വലിബുബ്ൻ റബീഅഃ നിവേദനം ചെയ്യുന്നു: "ഞാൻ പ്രവാചകനോടൊപ്പം നിൽക്കുന്ന വേളയിൽ അബ്ബാസ്﵁ കോപാകുലനായിക്കൊണ്ട് കടന്നുവന്നു. നബിﷺ ചോദിച്ചു: 'താങ്കളെന്തിനാണ് കോപിച്ചിരിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, നമ്മളും ക്വുറൈശികളുമായുള്ള ബന്ധമെന്താണ്? പരസ്പരം കണ്ടുമുട്ടിയാൽ മുഖപ്രസന്നതയോടെയാണ് അവർ അഭിമുഖീകരിക്കുന്നത്. നമ്മളെ അവർ അഭിമുഖീകരിക്കുന്നത് അപ്രകാരമല്ല താനും.' അതുകേട്ടപ്പോൾ നബിﷺയുടെ മുഖം ചുവന്നു. അവിടുന്ന് പറഞ്ഞു: 'എന്റെ പിതൃവ്യനെ വേദനിപ്പിച്ചവൻ എന്നെ വേദനിപ്പിച്ചു. അറിയുക, ഒരാളുടെ പിതൃവ്യൻ അയാളുടെ പിതൃതുല്യനാണ്"(തിർമിദി).

അബ്ബാസി﵁നും അദ്ദേഹത്തിന്റെ പുത്രൻ അബ്ദുല്ല﵁ക്കും വേണ്ടി റസൂൽﷺ ഇപ്രകാരം പ്രാർഥിക്കുകയുണ്ടായി: "അല്ലാഹുവേ, അബ്ബാസിനും അദ്ദേഹത്തിന്റെ പുത്രനും അവരുടെ രഹസ്യവും പരസ്യവുമായ സകല പാപങ്ങൾക്കും നീ മാപ്പു നൽകേണമേ. അദ്ദേഹത്തിന്റെ പുത്രനിലൂടെ നീ അദ്ദേഹത്തിന് സംരക്ഷണം നൽകേണമേ" (തിർമിദി).

പ്രവാചകﷺനോടൊരാൾ ചോദിച്ചു: 'റസൂലേ, താങ്കൾക്ക് ഏറ്റവും പ്രിയപ്പെട്ടത് ആരാണ്?' നബിﷺ പറഞ്ഞു: 'ആഇശ.' 'പുരുഷന്മാരിൽ ആരെയാണ് താങ്കൾക്കിഷ്ടം?' 'അവരുടെ പിതാവ് (അബൂബക്കർ)' - നബിﷺ മറുപടി പറഞ്ഞു (ബുഖാരി, മുസ്‌ലിം).

ഖാലിദ് ബ്ൻ വലീദി﵁നെപ്പറ്റി നബിﷺ ഇങ്ങനെ അഭിപ്രായപ്പെട്ടു: "അല്ലാഹുവിന്റെ വാളുകളിൽ നിന്നുള്ള ഒരു വാളാണ് ഖാലിദ്. ഏറ്റവും നല്ല ഗോത്ര യുവാവ്" (അഹ്മദ്, തിർമിദി).

മുഹമ്മദ്ബിൻ മസ്‌ലമ﵁യെപ്പറ്റി റസൂലൊരിക്കൽ പറഞ്ഞു: "മുഹമ്മദ്ബിൻ മസ്‌ലമക്ക് വല്ല വിപത്തും സംഭവിക്കുമോ എന്ന് ഭയപ്പെട്ടിരുന്നതുപോലെ, മറ്റൊരാൾക്ക് സംഭവിക്കുന്നതിനേയും ഞാൻ ഭയപ്പെട്ടിരുന്നില്ല...." എന്നിട്ട് തിരുമേനിﷺ പ്രാർഥിച്ചു: "താങ്കളെ വിപത്തുകൾ ബാധിക്കാതിരിക്കട്ടെ" (അബൂദാവൂദ്).

മുആവിയ﵁ക്ക് വേണ്ടിയുള്ള പ്രവാചകന്റെ പ്രാർഥന ഇങ്ങനെ: "അല്ലാഹുവേ, നീ ഇദ്ദേഹത്തെ, സന്മാർഗം ലഭിച്ചവനും സൻമാർഗത്തിലേക്ക് നയിക്കുന്നവനുമാക്കേണമേ" (തിർമിദി).

അബ്ദുല്ലാഹിബ്ൻ ഉമറി﵁നെപ്പറ്റി നബിﷺ പറഞ്ഞു: "സാത്വികനായ വ്യക്തിയാണ് അബ്ദുല്ലാഹിബ്നു ഉമർ" (ബുഖാരി, മുസ്‌ലിം).

അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ വാഴ്ത്തിയ സകല സ്വഹാബികളെയും അല്ലാഹുവിന്റെ റസൂൽﷺ പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. അവർക്ക് വേണ്ടി പാപമോചനത്തിന് പ്രാർഥിച്ചിട്ടുണ്ട്. അവ്വിധം ആ പ്രവാചകന്റെ പാത പിൻപറ്റുന്ന ഏതൊരു വിശ്വാസിയും ആ മഹാന്മാരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യും. ഈ അനുഗൃഹീത ദീനിന്റെ പ്രചരണമാർഗത്തിൽ ഭീമമായ സേവനങ്ങളനുഷ്ഠിച്ച പ്രസ്തുത മഹത്തുക്കളോടുള്ള പോരും പകയും അസൂയയും തിന്നുതീർത്ത മനസ്സിന്നുടമകൾക്ക്-ജൂത, മജൂസി, കപടന്മാർക്ക്-അവരെ വാഴ്ത്താനും ആദരിക്കാനുമായില്ല. ക്വുർആനും സുന്നത്തുമനുസരിച്ച് പ്രവർത്തിച്ച, ദീനീ രംഗത്ത് തീവ്രപരിശ്രമങ്ങൾ കാഴ്ചവെച്ച സ്വഹാബികളോട്, വിശിഷ്യാ അബൂബക്കർ﵁, ഉമർ﵁, ഉസ്മാൻ﵁ തുടങ്ങിയവരോട് ശിയാക്കളും മറ്റും ശത്രുത വെക്കാനുള്ള യഥാർഥ കാരണം ആ മഹാന്മാരുടെ ദീനീ പ്രതിബദ്ധത തന്നെയാണ്. ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# മതപ്രബോധനം മനുഷ്യാവകാശമാണ്

മതപ്രബോധനവും ഏകദൈവവിശ്വാസ പ്രചാരണവും വർഗീയത പടർത്തുന്നുവെന്ന പ്രചാരണങ്ങളുടെ പ്രഹരത്തിൽ നിന്ന് മലയാളിയുടെ മതേതര മനസ്സ് മുക്തമാവാൻ അൽപം അധികം സമയമെടുക്കും. മനുഷ്യർക്കിടയിൽ മതിലുകൾ മറയിടുന്നത് അതിശ്രീഘ്ലമാണെന്ന ആശങ്കയാണ് അത്തരം ആശയങ്ങൾ കേൾക്കുമ്പോൾ നമുക്ക് തോന്നുന്നത്. മതം മന്ദഗതിയിൽ വീടുകൾ കയറാൻ തുടങ്ങുമ്പോഴേക്കും തെറ്റുധാരണയുടെ തുരുത്തുകൾ മതവൈരികളുടെയും നിയമപാലകരുടെയും മനസ്സുകളിലും മസ്തിഷ്കങ്ങളിലും പടർന്നുപിടിക്കുന്നുണ്ടെന്ന തിരിച്ചറിവ് മതവിശ്വാസികളുടെ ഭാരിച്ച ബാധ്യതകളെ കുറിച്ചാണ് ഓർമപ്പെടുത്തുന്നത്.

ലോക ചരിത്രത്തിലെവിടെയും മതം മനുഷ്യന്റെ മസ്തിഷ്കത്തിന് എതിരായി നീങ്ങിയിട്ടില്ല. മാനവസമൂഹം നേടിയെടുത്ത സകല പുരോഗതിയുടെയും പുറകിൽ മതത്തിന്റെയും വേദഗ്രന്ഥങ്ങളുടെയും സ്വാധീനം ഏറെ സ്പഷ്ടമാണ്. മതം ഒരു മേൽവിലാസത്തിനപ്പുറം അതിജീവനത്തിന്റെ ആയുധമായിരുന്നു എന്നാണ് ചരിത്രം ശരിയായി അടയാളപ്പെടുത്തിയിട്ടുള്ളത്. യുക്തിരാഹിത്യത്തിന്റെ ആധിക്യം മതനിരാസത്തിലേക്ക് തള്ളിവിട്ട മതവിരോധികൾ ഏതുകാലത്തും തരം കിട്ടുമ്പോഴൊക്കെ മതത്തിന്റെ മസ്തകത്തിൽ ആഞ്ഞാഞ്ഞ് പ്രഹരിക്കാൻ ശ്രമിക്കാറുണ്ട്.

കേരളത്തിലെ പുതിയ സാഹചര്യത്തിൽ എന്തിനെയും ഏതിനെയും അൽപം ചില വക്രീകരണങ്ങൾ കൊണ്ട് വർഗീയതയും ദേശവിരുദ്ധതയുമാക്കി മാറ്റാമെന്ന ധാരണയാണ് ചിലരെ കൈവിട്ട കളികൾക്ക് പ്രേരിപ്പിച്ചത്.

മതം എന്ന സംസ്കൃത പദത്തിന്റെ പരിഭാഷ അഭിപ്രായം എന്നതാണ്. അത് തുറന്ന് പറയാനുള്ളതാണ്. മതം മൗനത്തിന്റെ വാത്മീകത്തിൽ ഒളിക്കുമ്പോഴാണ് മനുഷ്യർക്കിടയിൽ സ്പർധ വർധിക്കുന്നത്. മതത്തെ കുറിച്ച് തുറന്ന് പറയാതിരിക്കുകയും വ്യത്യസ്ത മതവിശ്വാസികൾ കണ്ടാൽ മിണ്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് വർഗീയ കലാപങ്ങൾക്ക് വഴിമരുന്നിടുക എന്ന ധാരണ പ്രസ്താവിച്ചവർ ഒന്ന് തിരുത്തി പറയുന്നത് നല്ലതാണ്.

ഇസ്‌ലാമിനെക്കാൾ വേഗതയിൽ ഇസ്‌ലാമോഫോബിയ പടരുന്ന കാലത്ത് ശരിയായ മതതത്ത്വങ്ങളും ഇസ്‌ലാമിന്റെ അടിസ്ഥാന ശിലയായ ഏകദൈവാരാധനയും കലർപ്പില്ലാതെ തുറന്ന് പറയുകയാണ് നമ്മുടെ കാലത്ത് കട്ടപിടിച്ചുകൊണ്ടിരിക്കുന്ന വർഗീയതക്കും വിദ്വേഷത്തിനും ഉള്ള മറുമരുന്ന് എന്ന തിരിച്ചറിവാണ് ഇസ്‌ലാമിനെ കുറിച്ച് ഉറക്കെ പറയാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നത്. മറ്റു മതസ്ഥരുടെ വികാരങ്ങളെ വ്രണപ്പെടുത്താതെയും സാമുദായിക സൗഹാർദം കാത്തുസൂക്ഷിച്ചും യുക്തിഭദ്രമായും കഴിഞ്ഞ മൂന്നുവർഷത്തിലധികമായി വിസ്ഡം പ്രവർത്തകർ നടത്തിക്കൊണ്ടിരിക്കുന്ന മതപ്രബോധന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന നിയമപരവും ജനകീയവുമായ അംഗീകാരമായി സമകാലിക സംഭവങ്ങളെ വിലയിരുത്താനാണ് നാം ആഗ്രഹിക്കുന്നത്. ●

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം

ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 02 Sep 2017

Reg NO: KL/CT/225/2016-18
Price: ₹10/-


# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099